KRISHNAGATHA

To The End of
POOTHANA MOKSHAM.

PRESCRIBED FOR B. A. Exn, 1938—39.

OOK DEPOT & PRINTING WORKS,
TRIVANDRUM & TRICHUR.

[Price As 6.

T61
Ch42

00004212

കൃഷ്ണഗാഥ

DEFINITORY T.O.C.D.
CANCELLED
N 274
LIBRARY
P.23.
T61
C442
B.V. BOOK DEPOT
CANCELLED.



DHARMARAM COLLEGE LIBRARY,
4212
BANGALORE.

Printed and Published by
B. V. Book Depot, and Printing Works,
TRIVANDRUM & TRICHUR.

അവതാരിക.

കൈരളിക്കിന്നേവരെ കൈവന്നിട്ടുള്ള കാവ്യങ്ങളിൽ എല്ലാംകൊണ്ടും പ്രഥമസ്ഥാനത്തെ അഹിക്കുന്ന ഒരു ഗ്രന്ഥമാണ് കൃഷ്ണഗാഥ. ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം ക്രിസ്താബ്ദം 650-നും 750-നും മദ്ധ്യേയാണെന്നാണ് ഭാഷാരീതിയേയും മറ്റും അടിസ്ഥാനപ്പെടുത്തി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. പ്രസ്തുതകൃതിയുടെ കർത്തൃത്വത്തെ സംബന്ധിച്ചു പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാണ്.

ഒരുപക്ഷക്കാർ കർത്തൃത്വം സാമൂതിരിസദസ്സിൽ പതിനെട്ടരക്കവികളിൽ അരക്കവിയായി പരിലസിച്ചിരുന്ന പുനംനമ്പൂരിയിൽ ആരോപിക്കുന്നു. എന്നാൽ ഈ ഗ്രന്ഥത്തിൽനിന്നുതന്നെ കോലത്തിരിരാജാവായ ഉദയവർമ്മന്റെ ആജ്ഞാനുസരണമാണ് ഈ ഗാഥനിർമ്മിച്ചതെന്നു തെളിയുന്നുണ്ട്. സാമൂതിരിയുടെ സദസ്യനായ പുനം കോലത്തിരിയുടെ ആജ്ഞാനുസരണം ഒരു ഗ്രന്ഥംനിർമ്മിക്കുകയെന്നതും, അങ്ങിനെ നിർമ്മിച്ചാൽതന്നെ ഗ്രന്ഥത്തിൽ ഈ സംഗതി വിളിച്ചുപറയുകയെന്നുള്ളതും അസംഭാവ്യമാണ്.

മറുപക്ഷക്കാർ കോലത്തിരിയുടെ സദസ്യനായിരുന്ന, ചെറുശ്ശേരി എന്ന ഇല്ലത്തുള്ള പണ്ഡിതനായ ഒരു നമ്പൂരിയാണെന്നു നിർണ്ണയിച്ചിരിക്കുന്നു. ചെറുശ്ശേരിയുടെ കൃതിയായതുകൊണ്ടു ഗാഥക്ക് "ചെറുശ്ശേരിമട്ട്" എന്ന പേരു സാധാരണമായി പറഞ്ഞുവരുന്നുണ്ട്.

ക്കുടാതെ കൃഷ്ണഗാഥാനിർമ്മാണത്തെക്കുറിച്ചു നിലവിലിരിക്കുന്ന ഒരു ഐതിഹ്യവും മേൽപറഞ്ഞ അഭിപ്രായത്തെ ബലപ്പെടുത്തുന്നുണ്ട്.

കോലത്തിരിരാജാവു ചതുരംഗം കളിച്ചുകൊണ്ടിരിക്കുമ്പോൾ കളിയിൽ വെക്കേണ്ട കയ്യ് അറിയാതെ വിഷമിക്കുകയും, അടുത്തുണ്ടായിരുന്ന രസികനായ നമ്പൂരി 'ഉന്തുന്തുന്തുന്തുന്തുന്താളേയുന്തു' എന്നു മൂളിപ്പാട്ടു പാടി കളിക്കേണ്ട കയ്യിനു രാജാവിനു സൂചന നൽകി എന്നും രാജാവു പ്രസ്തുതസൂചനപ്രകാരം തുള്ളെ ഉന്തിക്കളിച്ചു വിജയിയായി എന്നും രാജാവു സന്തോഷിച്ചു ഈ രീതിയിൽ ഒരു ഗ്രന്ഥം രചിക്കണമെന്നു ആജ്ഞാപിച്ചു എന്നും അതനുസരിച്ചാണു് കൃഷ്ണഗാഥാകർത്താവു, ആരായിരുന്നാലും ഈ മഹാകാവ്യം നിർമ്മിച്ചിട്ടുള്ളതു എന്നും പൊതുവിൽ ഒരു വിശ്വാസമുണ്ടു്.

പ്രതിപാദ്യവിഷയം.

ഇതിലെ പ്രതിപാദ്യവിഷയം വിഷ്ണുഭാഗവതം ദശമസ്കന്ധത്തിലെ കഥയാകുന്നു. കവി ഒട്ടുമുക്കാലും മൂലത്തെത്തന്നെ അനുകരിച്ചിട്ടുണ്ടു്. ചിലേടങ്ങളിൽ നേർതർജ്ജമകളും വിരസങ്ങളായി തോന്നുമ്പോൾ മൂലഭാഗങ്ങളെ നിരസിച്ചു സ്വതന്ത്രകല്പനകളും അവിടവിടെയായി കാണാം. നേർ തർജ്ജമ പ്രയോഗിച്ചിട്ടുള്ളതിനു ശരദുപന്നനയിലെ

താരകം ചൂഴറു തിങ്കൾ വിളങ്ങിനാൻ
പാരമങ്ങാകാശംതന്നിലപ്പോൾ

ആനായപ്പിള്ളരാൽ ചൂഴറവുകാവ്വുണ്ണൻ
കാനനംതന്നിൽവിളങ്ങുംപോലെ

എന്ന വരികളം ഉദാഹരണമാണു്. ഈ വരികളം

അഖണ്ഡമണ്ഡലോവ്യോമ്നി
രരാജോഡുഗാണൈഃശ്ശശി
യഥായദുപതിഃകൃഷ്ണോ
വൃഷ്ണിചക്രാവൃതോഭവി

എന്ന ഭാഗവതശ്ലോകത്തിന്റെ സാമാന്യതജ്ജ്ഞമയാണെന്നു പറയേണ്ടതില്ലല്ലൊ.

ഭാഗവതംമൂലത്തിൽ കംസന്റെ ദുന്നിമിത്തദർശനം വർണ്ണിക്കുവാൻ ആരംഭിക്കുന്നതിന്നുമുമ്പുള്ള സൂര്യാസ്തമനത്തെപ്പററി ഭാഗവതകർത്താവു് മെനുനം അവലംബിച്ചിരിക്കയാണു് ചെയ്തിട്ടുള്ളതു്. എന്നാൽ കൃഷ്ണഗാഥാകർത്താവാകട്ടെ, കംസന്റെ ആസന്നമായിരിക്കുന്ന നാശത്തെ അനുസ്മരിപ്പിക്കുമാറു സൂര്യാസ്തമയത്തേയും കൂടി വർണ്ണിച്ചിരിക്കുന്നു. സൂര്യാസ്തമയം വർണ്ണിക്കുന്ന കവി,

ഇങ്ങനെനാളെയക്കംസനുമാകുന്നു-
തെന്നങ്ങുചൊല്ലുന്നോനെന്നപോലെ
ശകുനനായ് നിന്നുതിമിത്തൊരുസൂര്യനും
അസ്തമിച്ചീടിനാൻമെല്ലെമെല്ലെ.

ഇങ്ങിനെ കംസന്റെ ജീവിതവും മെല്ലെ മെല്ലെ അവസാനിപ്പാൻ പോകുന്നു എന്നു വായനക്കാരെ ഉൽബോധിപ്പിക്കുന്നുണ്ടല്ലൊ. ഇതു ഗാഥാകർത്താവിന്റെ മനോധർമ്മത്തിന്നുമകുടോദാഹരണമായി വർത്തിക്കുന്നു.

IV

ഭാഷാരീതി

മലയാളത്തിലും സംസ്കൃതത്തിലും തികഞ്ഞ പാണ്ഡിത്യം കൈവന്ന ഒരു മഹാകവിക്കേ ഇത്തരത്തിലുള്ള ഒരു കാവ്യം നിർമ്മിക്കുവാൻ സാദ്ധ്യമാകയുള്ളൂ എന്നു ഈ മഹാകാവ്യത്തിലെ ഭാഷാരീതി വ്യക്തമാക്കുന്നുണ്ട്. സപ്തസ്വരാരോഹണഘട്ടംവരെ ലാളിത്യം നിറഞ്ഞ ചെയ്യുന്ന മണിപ്രവാളഭാഷയിൽ ഗാനംചെയ്ത കവിയിൽനിന്നുതന്നെ സപ്തസ്വരാരോഹണഘട്ടത്തിലെത്തിയപ്പോൾ തന്നെത്താൻ മറന്നു കാളിദാസാദികളുടെ പ്രസന്നമധുരമായ വൈദർഭീരീതിയിലുള്ള തനി സംസ്കൃതഗീതശകലങ്ങൾ വിനിർഗ്ഗളിക്കുന്നു.

ഓമനച്ചുണ്ടു ചിലുത്തിനിന്നീടുമ്പോൾ
ഓമനിച്ചീടുവാൻ തോന്നുമാക്കും

എന്നു പാടിയ കവിതന്നെ

ചലൽക്കുന്തളം ചഞ്ചലാപാംഗരമ്യം
മിളൽക്കുണ്ഡലോല്ലാസിഗണ്ഡാഭിരാമം

എന്നു ഏറെപ്പാടുന്നു.

ഭാഷയിൽ അവിടവിടെ നമുക്കു ഇന്നു അത്ഥമാകാത്തതു നണ്ണി, നിച്ചേലും എന്നാദിയായ ചില പ്രയോഗങ്ങൾ കാണുന്നുണ്ട്. എന്നാൽ പ്രസ്തുത ഗ്രന്ഥനിർമ്മാണകാലത്തു ഇവ സുപ്രസിദ്ധവും സുപരിചിതവും ആയിരുന്നിരിക്കണം.

കാവ്യഗുണം.

'വാക്യം രസാത്മകം കാവ്യം' എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി നോക്കുന്നതായാൽ കൃഷ്ണഗാഥയിൽ

കാവ്യഗുണം പരിപൂർണ്ണമായി പ്രകാശിക്കുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഓജസ്സു, കാന്തി, മാധുര്യം എന്ന ഗുണങ്ങൾ എവിടേയും തിങ്ങിത്തിളങ്ങുന്നുണ്ടു്. ഭക്തിയും ശൃംഗാരവും വർണ്ണിക്കുന്നതിലാണു് കവിക്കു് അനിതരസാധാരണമായ പാടവം കാണുന്നതു്. ശൃംഗാരവർണ്ണനയിൽ അല്പം അതിരു കടന്നുവോ എന്നുശങ്കാടി കാവ്യമർമ്മജ്ഞന്മാർ ശങ്കിക്കുന്നുണ്ടു്. ഇതരരസങ്ങളെ വർണ്ണിക്കുന്നതിലും കവി ഒട്ടും അപ്രാപ്തനല്ല. വീരം, കരുണം, ബീഭത്സം, ഹാസ്യം എന്നീ രസങ്ങളും അനായേയമായി അദ്ദേഹം അവിടവിടെ വർണ്ണിച്ചിട്ടുണ്ടു്.

ശബ്ദാലങ്കാരം.

ശബ്ദാലങ്കാരത്തിൽ ചെറുശ്ശേരിയെ അതിശയിക്കുന്ന ഒരു കവി ഇന്നേവരെ കേരളത്തിൽ ഉണ്ടായിട്ടില്ല. ഏതു വരി എടുത്തുനോക്കിയാലും യാതൊരു ക്ലേശവുംകൂടാതെ ആദ്യപ്രാസം, ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം ആദിയായ ശബ്ദാലങ്കാരങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നതായിക്കാണാം.

"ചാടായിവന്നാനട്ടാനവനെങ്കിലും
ചാടായിവന്നീല മേനിതന്നിൽ

ഓടായിവന്ന നറുങ്ങിനാനെങ്കിലും
ഓടായിവന്നീല കൊല്ലന്നേരം."

"അല്ലിനെ വെല്ലുവാൻ വല്ലമപ്പൂഞ്ചായൽ
വില്ലിനെ വെല്ലുവാൻ വല്ലംചില്ലി."

"മണ്ഡനമായുള്ള കുണ്ഡലഷണ്ഡത്താൽ
മണ്ഡിതമായുള്ള ഗണ്ഡംകണ്ടാൽ."

"നിരകൊണ്ടൊരു വരിവണ്ടൊട്ടു
തിറകൊണ്ടൊരുകുരുളി-
ന്നിരുപംകൊണ്ടലിൽനിനവുണ്ടിനി-
യുരുതെണ്ടവുമിയൽവാൻ."

പ്രാസത്തിനുവേണ്ടി അത്ഥം ബലികഴിക്കുന്ന പതിവു അദ്ദേഹത്തെ സ്പർശിച്ചിട്ടുപോലുമില്ല.

"രത്നത്തെക്കാമിച്ചു ചത്തുകിടക്കുന്ന
സർപ്പത്തിൻ ചാരത്തു ചെല്ലുമ്പോലെ."

"സംസാരമോക്ഷത്തിൻ കാരണമായതോ
വൈരാഗ്യമെന്നല്ലോ ചൊല്ലിക്കേൾപ്പൂ."

ഈ വരികൾ മേല്പറഞ്ഞതിനു ഉദാഹരണമാണു്.

ശബ്ദാലങ്കാരപ്രയോഗത്തിൽ കവിക്കുള്ള സാമർത്ഥ്യത്തെ അതിശയിക്കത്തക്ക മട്ടിലാണു് ഇക്കാവ്യത്തിൽ അത്ഥാലങ്കാരപ്രയോഗം. ഉപമ, ഉൽപ്രേക്ഷ ഇവക്കാണു് അധികം പ്രാധാന്യം കാണുന്നതു്.

"വാരിയിൽനിന്നുള്ള മീനുകളെല്ലാമേ
വാരികുറഞ്ഞതറിഞ്ഞതില്ല
മായയിൽനിന്നുള്ള മന്ദന്മാരെല്ലാരും
ആയുസ്സുപോകുന്നതെന്നപോലെ."

"പാരമണഞ്ഞവന്മേനിയോടേശിനാൻ
പാവകൻ ദാരുവോടെന്നപോലെ"

എന്നിവ ഉപമക്കും

"ആനകടുന്നഭിമാനിക്കും കൊങ്കകൾ-
ക്കാനനം ചാലക്കവർത്തിതപ്പോൾ

നന്ദനനുണ്ടായാലെങ്ങളെസ്നേഹമി-
ല്ലെന്നതുചിന്തിച്ചിട്ടെന്നപോലെ."

"ഭീമങ്ങളായുള്ള ധൂമങ്ങളന്നേരം
വ്യോമത്തിലെങ്ങുമേപൊങ്ങിനിന്നു
നാകത്തിൽചെന്നങ്ങുവാസവന്തന്നോട്ട
വേഗത്തിൽചൊല്ലുവാനെന്നപോലെ"

എന്നിവ ഉൽപ്രേക്ഷക്കും ഉദാഹരണങ്ങളാണ്.

അതിശയോക്തികളും അവിടവിടെ ധാരാളം പ്രയോഗിച്ചുകാണുന്നുണ്ട്. രാസക്രീഡ, ദ്രുതവർണ്ണനം, യാദവന്മാരോടുള്ള വൈരം നിമിത്തം ദേവേന്ദ്രൻ പെയ്യിക്കുന്ന മഴയുടെ കാഠിന്യം, ഖാണ്ഡവദാഹം മുതലായവർണ്ണനകളും ഇതിനുദാഹരണങ്ങളാണ്.

ഇങ്ങിനെ ഏതുവിധത്തിൽ നോക്കിയാലും കൃഷ്ണഗാഥയെപ്പോലെ സർവ്വകാവ്യഗുണങ്ങളും തികഞ്ഞ ഒരു കാവ്യരത്നം കേരളഭാഷായോഷക്കു ഇതേവരെ സിദ്ധിച്ചിട്ടില്ലെന്നു തീർത്തുപറയാം.

നാലക്ഷരത്തിൽ 3 letters = 4 പദം

ഉണ്ടാകില്ല

ഉണ്ടെങ്കിൽ മാത്രമേ ഉത്തരം ഉണ്ടാകൂ.

രണ്ടുപേരുടെയും ജീവിതകാലത്തിലൂടെ

രണ്ടുപേരും ഒരേ പ്രായത്തിൽ ഒരേ സ്ഥലത്ത്

രണ്ടുതവണ ആകണം ഉണ്ടാകുന്നത്.

കൃഷ്ണഗാഥ

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു.

ഇന്ദിരാതന്നുടെ പുഞ്ചിരിയായോരു
ചന്ദ്രിക്കുമെയ്യിൽ പ്രക്കയാലേ
പാലാഴിവെള്ളത്തിൽ മുങ്ങിനിന്നീടുന്ന
നീലാഭമായോരു ശൈലംപോലെ
മേവിനിന്നീടുന്ന ദൈവതംതന്നെഞാൻ
കൈവണങ്ങീടുന്നേൻ കാത്തുകൊൾവാൻ
കീർത്തിയെ വാഴ്ത്തുവാനോത്തുനിന്നീടുമെ-
ന്നാത്തിയെത്തീർത്തുണയ്ക്കുണമേ
ദേശികനാഥൻതൻപാദങ്ങളേശുമ-
പ്പേശലമായൊരു രേണുലേശം
ക്ലേശങ്ങളേശുന്ന പാശങ്ങളേശാസ്യാ-
നാശയംതന്നുള്ളിലാക്കുന്നേൻഞാൻ
വാരണവീരൻതന്നാനനം കൈക്കൊണ്ടു
പൂരിച്ചു വന്മദവാരിമെയ്യിൽ
നിന്നുവിളങ്ങുന്ന ദൈവതം തൻകനി-
വെന്നും വിളങ്ങുകയെന്നിൽമേന്മേൽ

ഭാരതീദേവിതൻ ഭ്രരിയായുള്ളൊരു
കാരുണ്യപൂരവും വേറിടാതെ
നന്മധുവോലുന്ന നന്മൊഴി നൽകുവാൻ
തിന്മകളഞ്ഞുവിളങ്ങുകെന്നിൽ

ഭാരതമായൊരു പീയൂഷരാശിക്കു
കാരണമായൊരു വാരിധിയായ്
വ്യാസനായുള്ളൊരുമാമുനിതൻകൃപാ
ദാസനാമെന്നിൽപുലമ്പേണമേ

മൂഢതകൊണ്ടുഞാനേതാന്നുമുണ്ടിന്നു
കാടായിച്ചൊല്ലുവൻഭാവിക്കുന്നു
ഭ്രരികളായുള്ള സൂരികളെല്ലാരും
ചീറാതെനിന്നുപൊറുക്കേണമേ

സംസാരമോക്ഷത്തിൻകാരണമായതു
വൈരാഗ്യമെന്നല്ലൊചൊല്ലിക്കേൾപ്പു
എന്നതുതന്നെവരുത്തിനിന്നീടുവാ-
നിന്നിതുതന്നെഞാൻനിമ്മിക്കുന്നു

ബോധമില്ലാതെഞാനേതുമേവല്ലാതെ
ഗാഥയായ് ചൊല്ലുന്നഭാഷയിപ്പോൾ
നിർഗ്ഗുണനായുള്ളൊരീശനെക്കൊണ്ടല്ലോ
നിർഗ്ഗുണമായതുചേരുമിപ്പോൾ

കാടായിച്ചൊല്ലിലും കൈടഭവൈരിത-
ന്നീടുന്നുന്നിന്നുള്ള ലീലയല്ലൊ
എന്നതുകൊണ്ടിനിക്കുള്ളിലില്ലേതുമേ
മന്ദതയിന്നിതു നിമ്മിക്കുമ്പോൾ

മാധവനാമമരപ്രഭുവെന്നതും
മാപാപംപോക്കുന്നോനെന്നുകേൾപ്പൂ

എന്നതുകൊണ്ടുഞാൻ വന്ദ്യരായുള്ളോരെ
വന്ദിച്ചുകൊണ്ടിതു നിർമ്മിക്കുന്നു
പാലാഴിമാതുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ

ആജ്ഞയെച്ചെയ്യുന്നയാലജ്ഞനായുള്ളഞാൻ
പ്രാജ്ഞനെന്നിങ്ങിനെഭാവിച്ചിപ്പോൾ

ദേവകീസൂനുവായ്മേവിനിന്നീടുന്ന
കേവലൻതന്നുടെ ലീലചൊൽവാൻ

ആവതല്ലെങ്കിലു മാശതാൻചെല്ലുയാ-
ലാരംഭിച്ചീടുന്നേനായവണ്ണം

ശ്രീപത്മനാഭൻതൻ ജായയെന്നിങ്ങിനെ
പേർപെറുനിന്നോരുമേദിനീതാൻ

ദുഷ്ടരായുള്ളോരുമന്നവരെല്ലാരു
മൊട്ടേറപ്പോന്നുപിറക്കയാലെ

അന്തമില്ലാതൊരു ഭാരത്താൽമേദിനി
സന്താപംപൂണ്ടു തളർന്നുമേന്മേൽ

ധേനുവായ് ചെന്നുവിരിഞ്ചനോടെല്ലാംതൻ
വേദനയോതിനാഥം കാതരയായ്

കഷ്ടരായുള്ളോരു ദുഷ്ടരെ സൃഷ്ടിച്ചു
തൊട്ടേറിപ്പോകുന്നതമ്പുരാനെ!

ഭാരത്തെക്കൊണ്ടുഞാൻ പാതാളലോകത്തു
പാരാതെ വീഴുന്നതുണ്ടുനേരെ

ഇണ്ടലെക്കൊണ്ടുരുകുന്നതായിങ്ങനെ
യുണ്ടായീലെന്നുമെ പണ്ടിനിക്കേം
കുമ്പിട്ടനിന്നൊരുക്രമ്മവും ചെഞ്ചെമ്മെ
ഉക്കനായ്നിന്നൊരു പന്നഗനാഥനു
ശൂൽകാരമേറുന്നിതിന്നിന്നെല്ലാം
അനകളെല്ലാമെ ദീനങ്ങളായിത്ത-
ന്നാനനം താഴ്ത്തിതളന്നുകൂടി.
മാമയനായോനെ ഭാരത്തെക്കൊണ്ടുഞാൻ
നാമാവശേഷയായ്പോകുംമുമ്പെ
പാരാതെകണ്ടെന്നെപ്പാലിച്ചുകൊള്ളേണം
കാരുണ്യകാതലേ കൈതൊഴുന്നേൻ
വേദനപൂണ്ടൊരു മേദിനിയാലിതു
വേദിതനായവിരിഞ്ചനപ്പോലും
വാനവർചൂഴറവു മേദിനിതാനുമായ്
വാർതിങ്കളം മെഴുലിതന്നാലയത്തിൽ
പാരാതെ ചെന്നവർ ചൊല്ലിനാരെല്ലാരും
പാലാഴിതന്നിലും ചെന്നുപിന്നെ
വാരുറവുനിന്നൊരുവാക്കുകൊണ്ടന്നേരം
വാരിജനേത്രനെ വാഴ്ത്തിനിന്നാർ
ഈരേഴ പാരിനും കാരണമായൊരു
കാരുണ്യപൂരമാം വാരിരാശേ,
പാരിടംപൂരിച്ച ഭാരത്തെത്തീർത്തിന്നു
പാലിച്ചുകൊള്ളേണം പാരാതെനീ

നിങ്കനിവില്ലായ്കിലെങ്ങളിന്നെങ്ങിനെ
സങ്കടം തീർക്കുന്നതമ്പുരാനേ!

വങ്കനിവാണെങ്കുമം സങ്കടം തീർക്കേണം
പങ്കജലോചന ശങ്കിയാതെ

വാസവൻമുമ്പായ വാനവരിങ്ങിനെ
വാഴ്ത്തിനനേരത്തു വാരിജാക്ഷൻ

പ്രത്യക്ഷനായിട്ടു ചൊല്ലിനിന്നീടിനാൻ
കേതിയെക്കാണുമ്പോളെന്നു ഞായം
മുന്നമെതന്നെയറിഞ്ഞുഞാൻ പോരുന്നു
മന്നിടം ചേരുന്ന ഭാരമെല്ലാം

ഇന്നിനു വന്നീടും നിങ്ങളെന്നുള്ളതു
മെന്നുള്ളന്തത്തിലുണ്ടോമ്മീയെന്നാൽ
ഭൂഭാരന്തന്നെത്തളപ്പുതിന്നോരോരോ
വ്യാപാരം ചെയ്തമ്മെ ചെയ്യുതിന്നായ്

മാനുഷനായിപ്പിറക്കുന്നതുണ്ടുഞാ–
നാനകട്ടുണ്ടുമീസൂനവായി
മൂത്തവനായിപ്പിറന്നുനിന്നീടുമെ
മൂത്തിവിശേഷമായീത്തനന്തൻ

വാനവരെല്ലാരു മാദരവോടങ്ങു
യാദവന്മാരായ് പിറക്കമന്നിൽ
മായയായ്ത്തീരുന്ന ദേവിയും വന്നങ്ങു
മാനുഷിയായിപ്പിറക്കുംപിന്നെ

വേണ്ടുന്ന കായ്യങ്ങളം സാധിച്ചുകൊള്ളുവാൻ
ചേണുറ്റ നിന്നുതുണപ്പതിന്നായ്.

പാരാതെപിന്നെഞാൻ പാരിടം പൂരിച്ച
ഭാരത്തെത്തീർത്തുതള്ളപ്പെടുതിന്നായ്
മേദിനീതന്നുടെ വേദനപോക്കുവൻ
ഖേദിക്കവേണ്ടായിന്നിങ്ങളാരും

വാനവരെല്ലാരുമെന്നതുകേട്ടപ്പോൾ
വാരിജസംഭവൻ താനുമായി
മേദിനീതന്നുടെ വേദനതീർത്തുടൻ
മേളത്തിൽ പോയിത്തൻ വീടുപുക്കാർ.

ശ്രീമധുരാപുരിയെന്നൊരു നാമമായ്
ശ്രീമതിയായൊരുരാജധാനി
യാദവന്മാക്കെല്ലാമാധാരമായിനി-
ന്നാടിയിലുണ്ടായി പണ്ടുപാരിൽ

നാകികൾക്കെല്ലാമങ്ങാധാരമായൊരു
നാകമഹാപുരിയെന്നപോലെ
സ്വപ്നത്തെന്നിലുള്ളാശയുണ്ടായ്വരാ
അപ്പുരിതന്നിലിരിപ്പോക്കെന്നും

നന്ദനം തന്നുടെ നിന്ദയെചെയ്യമ-
ന്മന്ദിരനിന്നെഴും നിഷ്കടങ്കം
നിർജ്ജരദീർഘികാതന്നുള്ളിലേറുന്ന
ലജ്ജയെച്ചേർക്കുമട്ടീർഘികകൾ

ധർമ്മിഷ്ഠരായൊരെചിന്തിച്ചുകാണുകിലൊ
ധർമ്മജൻശീലവുംതാഴ്ത്തികോലും
ആയങ്കംകാണുമ്പോൾതോയകരന്നിൽ
പായുന്നവൻനദീജാലംപോലെ

സപ്തൈകൗഘംതന്നുടെതിണ്മയെകാണുമ്പോഴം
തിണ്ണമൊന്നുംമേരുശൈലം മഹാമേരുപർവ്വതം.
ദാനങ്ങൾകാണുമ്പോൾവാനവർതാരുക്കൾ
ഹീനങ്ങളായ്തൃണംദീനങ്ങളായ്
വീരരായുള്ളോർതൻധീരതകാണുമ്പോൾ
നേരായോരില്ലയിപ്പാരിലാരും
വിദ്യയ്ക്കൊണ്ടുള്ള വേലകംകാണുമ്പോൾ
വിസ്മയംകോലുമദ്ധൂജ്ജടിയും

അസ്ത്രങ്ങൾകൊണ്ടവരഭ്യസിച്ചീടുമ്പോൾ
കേട്ടങ്ങുനോക്കുമബ്ഭാർഗ്ഗവനും

കാമുകന്മാരുടെകാന്തിയെക്കാണുമ്പോൾ
കാമനുംചെഞ്ചമ്മെയഞ്ചുമേറും
മാനിനിമാരുടെമാണ്മിനെകാങ്കിൽ
മേനകദീനയായ്നാണമപ്പോൾ

വെണ്മാടന്തന്നുടെവെണ്മയെക്കാണുമ്പോൾ
കഷ്ടംതോന്നുമാക്കൈലാസവും

അപ്പുരിതന്നിൽവിളങ്ങിനിന്നീടുന്ന
ശില്പങ്ങളൊന്നൊന്നെപാർത്തുകണ്ടാൽ
വാസവമന്ദിരംവായ്പൊടെനിർമ്മിപ്പാൻ
മാതൃകയായതിതെന്നുതോന്നും

അപ്പുരിതന്നിലുള്ളത്ഭുതംചൊല്ലുവാൻ
കെൽപ്പുള്ളോരാരുമില്ലെന്നുവേണ്ട
തത്സാരമോക്കിലോവത്സ്യകുസാരയും
നിസ്സാരയായിട്ടേവന്നുകൂട്ടം

യാദവവീരരപ്പൂരിയും പാലിച്ചി-
ട്ടാദരവോടെവസിക്കുംകാലം,
ദേവകനാകുന്നയാദവൻതന്നുടെ
ദേവകിയാകുന്നകന്യകയെ

ശ്രീവാസുദേവക്കുനല്കിനാനന്വോട്ട
ശ്രീപതിതന്നുടെയമ്മയാവാൻ

വേട്ടനിന്നീടുമശ്രീവസുദേവൻതാൻ
വാട്ടമകന്നൊരുതേരിലേറി

ദേവകിയായൊരുജായയുംതാനുമായ്
പോവതിന്നായിത്തുടങ്ങുന്നേരം

ഉല്പന്നമോദനായ്നില്പോരുദേവകൻ
നല്പൊലിക്കാണവുംനൽകിനിന്നാൻ

സോദരിതന്നുടെതോഷത്തെച്ചെയ്വാനാ-
യാദരവോടെമുതിന്നുകംസൻ

ചാരത്തുചെന്നങ്ങുവാരുറതേരേറി-
സ്സാരത്ഥ്യവേലയുമാചരിച്ചാൻ

നാനാജനങ്ങളുമായിനിന്നങ്ങിനെ
നാനാവിനോദവുമോതിയോതി

ആമോദിച്ചെല്ലാരുംസാനന്ദംപോകുമ്പോൾ
വ്യോമത്തിൽനിന്നൊരുവാക്കുണ്ടായി

'ദേവകിതന്നുടെയഷ്ടമഗർഭത്തിൽ
മേവിനിന്നുണ്ടായബാലകന്താൻ

നിന്നുടെകാലനായ്വന്നുനിന്നീടുന്നോ-
നെന്നതുചിന്തിച്ചുകൊൾകകംസ'

1974
LIBRARY

ഘോരനായുള്ളൊരുകംസൻതാനെന്നപ്പോൾ
വീരതയായതിതെന്നുനണ്ണിപ്രഭാവിച്ചുനിജം.

ചാവകഭാവത്തെക്കേവലംപൂണ്ടുടൻ
ദേവകിതൻകൊലചെയ്വതിന്നായ്

x തൽക്കരംതന്നെപ്പിടിച്ചുനിന്നിങ്ങിനെ
ഖഡ്ഗവുംവാങ്ങിയങ്ങോങ്ങിനിന്നാൻ

കണ്ടുനിന്നീടുന്നമാലോകരെല്ലാരു-
മിണ്ടലുംപൂണ്ടുചമഞ്ഞാരപ്പോൾ

കണ്ണടച്ചീടിനാർകണ്ണുനീർത്തുകിനാർ
ദേഹംതിണ്ണമങ്ങോടിനാർഖിന്നരായി
കൈതിരുമ്മീടിനാർകൺചുവത്തീടിനാർ
കയ്യലച്ചീടിനാർമെയ്യിലെങ്ങും

കേസരിവീരൻതന്നാനനംതന്നിലേ
കേവലംകേഴന്നോരേണംപോലെ
മേവിനിന്നീടുന്നദേവകീദേവിതാൻ
ദൈവമേയെന്നങ്ങുചൊല്ലിച്ചൊല്ലി
ഘോരനായുള്ളൊരുകംസനെനോക്കീട്ട
പാരംവിറച്ചുനടുങ്ങുന്നേരം

ചൂഴെനിന്നീടുന്നലോകരെനോക്കീട്ട
കോഴപൂണ്ടേറവുംകേഴംപിന്നെ

ചങ്ങാതിമാരുടെനന്മുഖംനോക്കിനി-
ന്നിങ്ങിനെയെൻകമ്മമെന്നുംപിന്നെ
അച്ഛനെത്തന്നെയുംമെച്ചമേനോക്കിനി-
ന്നച്ചത്തിൽനീളേവിളിച്ചുകേഴം

കാരുണ്യമാനനിമ്മായപ്രേമംപൂണ്ടമ്മാമൻതന്നെയും
അമ്മയെത്തന്നെയുമവണ്ണമേ

ആങ്ങളെതന്നെവിളിച്ചുനിന്നീടുവാ-
നോങ്ങിനിന്നങ്ങുനടുങ്ങുംപിന്നെ

ആനകടുന്തുഭിതന്നുടെയാനനം
ദീനയായ്മെല്ലവേനോക്കിവീക്കും

ദേവകിതൻഭയമിങ്ങിനെകാണുമ-
ശ്രീവസുദേവർതാനെന്നനേരം

പെട്ടെന്നുചെന്നവിലക്കിനിന്നീടിനാൻ
പൊട്ടിനിന്നീടുന്നോരുള്ളവുമായ്

പാപനായുള്ളോരുകംസനോടായ്പിന്നെ
യാപത്തുപോക്കുവാനായിച്ചൊന്നാൻ
"നിർമ്മലമാനസനായിനിന്നീടുമി-
ന്നിന്മനമിങ്ങിനെവന്നതെന്തേ

ശങ്കയുംകൈവിട്ടുപെൺകുലചെയ്യാനൊ
മംഗലനായ്നിൻവേലയിപ്പോഴം?
ഭേദമുണ്ടെന്നതിൽകേവലം പെണ്ണിലും
സോദരിയല്ലോയിന്നാരിതാനും

വേളികഴിഞ്ഞുള്ളോരുത്സവമല്ലോയി
ക്കാലവുമെന്നതുമോർത്തുകാൺനീ

ഭ്രാതാവായ്നിന്നതുംമാതാവായ്നിന്നതും
താതനായ്നിന്നതുംകേവലംനീ

നീയൊഴിഞ്ഞില്ലാരുമാശ്രയംകേളിവം-
ക്കാദരിച്ചീടുവാൻഭോജനാഥ!

വീരനായുള്ളനീയോരമായ്മേവുമി-
ന്നാരിതൻവൻകുലചെയ്യുവാനല്ലാതെ

ഇത്തരമായുള്ളോരുക്തികളിങ്ങിനെ
സത്വരംചൊന്നവൻചൊന്നനേരം

പാപനായുള്ളൊരുകംസന്റെമാനസം
പാറയെപ്പോലെയങ്ങാകയാലെ

പിന്നെയുംചിന്തിച്ചുചൊല്ലിനിന്നീടിനാൻ
ധന്യനായുള്ളവൻഖിന്നനായി -

ദേവകീയല്ലെന്നോനിന്നടെകാലനാ-
യ്മേവുന്നിതെന്നതോവന്നിതല്ലോ

അഷ്ടമനാകുന്നബാലകനല്ലൊനിൻ
നഷ്ടതയ്ക്കിന്നുനിമിത്തമെന്നാൽ

പൊറുപൊറിടുന്നമക്കളെയെല്ലാമെ
ചെറ്റുംതറെറന്നുനിൻകയ്യിൽനല്കാമല്ലൊ

പിന്നെനീചിന്തിച്ചുവേണ്ടതുചെയ്താലും
നിന്നടെഹാനിവരാതവണ്ണം"

എന്നതുകേട്ടൊരുകംസന്റെകോപവും
മന്ദമായ്ത്തന്നതേമെല്ലമെല്ലെ

മന്ത്രംകൊണ്ടീഷൽതളർന്നുനിന്നീടുമ-
പ്പന്നഗവീരൻതൻകോപംപോലെ

രോദിതയായൊരുസോദരിതന്നെയു-
മാദരവോടങ്ങയച്ചുനിന്നാൻ

വമ്പുലിവായിൽനിന്നമ്പാതേവീണ്ടുപോ-
യുമ്പത്തപ്പുണ്ണൊന്നോരേണംപോലെ

മേവിനിന്നീടുന്നദേവകിദേവിതാൻ
കേവലംകംസനെനോക്കിനിന്നാഠം

ചൂഴവുംനിന്നിട്ടകേഴന്നോരെല്ലാരും
കോഴയുംതീർത്തുനിന്നൊന്നുവീർത്താർ

ചങ്ങാതിമാരായുള്ളംഗനമാരെല്ലാം
മംഗലമാകെന്നുചൊല്ലിപ്പൂണ്ടാർ

ആനകുടുന്ദുഭിതാനനമന്നേരത്തു
മാനിനീതാനനമായ്മന്ദിയാതെ

സുന്ദരമായെഴുംമന്ദിരംപൂകിനാൻ
വന്ദികഠംവാഴ്ത്തുന്നവാത്തയുമായ്

വേളിയെത്തൊട്ടുള്ളോരുസ്വന്തന്നെയും
മേളമായ്വിന്നേയുമാചരിച്ചാൻ

പേയറുനിന്നൊരുജായയുംതാനുമായ്
മായംകളഞ്ഞുവസിക്കുംകാലം

സുഭ്രുവായുള്ളോരുദേവകീദേവിക്കു
ഗർഭമുണ്ടായിതേമെല്ലെമെല്ലെ

അത്ഭുതകാന്തിയായ്ദുർഭഗനല്ലാതൊ—
രർഭകനുണ്ടായിതെന്നുവന്നു

സൂനവെക്കണ്ടുനിന്നാനന്ദിച്ചീടുന്നോ—
രാനകദുന്ദുഭിദീനനായി

കണ്ണുനീർതൂകിന ദേവകിതന്നുടെ
കയ്യിൽനിന്നന്നേരം വാങ്ങിനേരെ

പെട്ടെന്നുകൊണ്ടുപോയ്കംസനുനല്കിനാൻ
പെട്ടാങ്ങ്ചെയ്യുന്നോരെന്നു ഞായം

എന്നതു കണ്ടൊരു കംസനുമന്നേരം
ചിന്തിച്ചു ചൊല്ലിനാനല്ലൽനീക്കി

മേലിലുണ്ടാകുന്ന ബാലകനല്ലോയെൻ
കാലനായ് ചാലവരുന്നതെന്നാൽ

കൊല്ലുന്നോനല്ലയിപ്പൈതലെയിന്നു ഞാ-
നല്ലലെതീർത്തുവളർത്താലുംനീ

ആനകദുന്ദുഭി താനതു കേട്ടപ്പോൾ
ദീനത കൈവിട്ടു മാനിച്ചുടൻ

ബാലനെത്തന്നെയും ദേവകിക്കായിട്ട
ചാലനൽകീടിനാൻ കൊണ്ടുപോയി

പിന്നെയങ്ങെല്ലാരും തന്നുടെ തന്നുടെ
മന്ദിരം തന്നിലിരുന്നനേരം

ആഗതനായൊരു നാരദൻകംസനോ-
ടാദരവോടുപറഞ്ഞാനപ്പോൾ

'ബന്ധുവെത്തന്നെയും വൈരിയെത്തന്നെയും
ചിന്തിച്ചുവേണമെ യൊന്നുചെയ്യാൻ

നിന്നുടെ വൈരികളായിനിന്നീടുന്ന
വിണ്ണവരല്ലോയിപ്പാരിടത്തിൽ

വിഷ്ണുവിൻ ചൊല്ലാലെ വന്നുപിറന്നിട്ട
വൃഷ്ണികളായിച്ചമഞ്ഞതിപ്പോൾ

പണ്ടേയിന്നിന്നുടെ വൈരിയായ്വേവുന്ന
കൊണ്ടൽനേർവർണ്ണൻതാനിന്നുനേരെ

ദേവകിതന്നുടെ ഗർഭനായിട്ട
മേവിനിന്നാശു പിറന്നുപിന്നെ

നിന്നേയും നിന്റെ ചേവകന്മാരേയും
കൊന്നീടുമെന്നതു തേറിനാലും. പിചാരിയാലും
മാഗ്ഗാതെനിന്നനീ കാത്തുകൊള്ളായ്കിലൊ
ആകാതെപോകുമെ ദോജനാഥ'

നാരദനിങ്ങിനെ ചൊന്നതു കേട്ടിട്ട
ഘോരനായുള്ളൊരു കംസനപ്പോൾ

യാദവന്മാരോട പോർതുടങ്ങീടിനാൻ
വാനവരെന്നതു നണ്ണിനേരെ പിചാരിയ്യ.

പീഡിതരായവരോരോരോനാട്ടില-
ന്നാടുംപിരിഞ്ഞു നടന്നാർചെമ്മെ
പിന്നേയണഞ്ഞവനാനകദുന്ദുഭി
തന്നേയും ദേവകിതന്നേയുംതാൻ

ചങ്ങലകൊണ്ടുതളച്ചുനിന്നീടിനാൻ
തങ്ങളിലേശൊല്ലായെന്നനണ്ണി
ഉണ്ടായബാലകന്മാരെയും ചെഞ്ചമ്മെ
കണ്ണുംപിരിച്ചുകഴിച്ചാൻപാപി

ചീറിനിന്നീടുന്ന കംസനന്നങ്ങിനെ
ആറുകിടാങ്ങളെക്കൊന്നവാറെ കൊന്നിരിക്കെ

സപ്തമമാകുന്ന ഗർഭവുമുണ്ടായി
ഉത്തമയാകുന്ന ദേവകിക്കൊ

ലക്ഷ്മീശൻതാനന്നു ചിന്തിച്ചുചൊല്ലിനാ-
നക്ഷണൻതന്മായാ തന്നോടപ്പോൾ

"പാരാതെപോകേണം ഭൂതലംതന്നിൽനീ
കായ്ങ്ങളോരോന്നെ സാധിപ്പാനായ്

ദേവകിതന്നുടെ ഗർഭനായിട്ടു
മേവിനിന്നീടുമനന്തനെന്നീ

ഗോകുലംതന്നിൽവസിച്ചുനിന്നീടുന്ന
രോഹിണിതങ്കലങ്ങാക്കവേണം

ആനകദുന്ദുഭിതന്നുടെ സൂനുവായ്
ഞാനും പിറക്കുന്നതുണ്ടുനേരെ

നന്ദവിലാസിനിതന്മകളായിട്ട
നന്നായിപ്പോന്നു പിറക്കനീയും

കൊല്ലുവാനോങ്ങുന്ന കംസനെ വഞ്ചിച്ചു
മെല്ലവെ പൊയ്ക്കൊണ്ടങ്ങംബരത്തിൽ

മാലോകക്കേശന്നൊരാപത്തെപ്പോക്കുവാൻ
ഭൂലോകം തന്നിൽ വസിക്കുപിന്നെ

ഭക്തിയെപ്പൂണ്ടു ഭജിച്ചുനിന്നീടുന്നോ-
ർക്കത്തലെത്തിത്തുണച്ചുനന്നായ്

മാലിയന്നീടുന്ന ഭൂലോക വാസികൾ-
ക്കാലംബമായ്വരും മൂലതായേ,
കാൽതാരിൻ കുമ്പിട്ട കൈവണങ്ങീടുന്നോൻ
കാത്തുകൊള്ളേണമെ തമ്പുരാട്ടി!

ഇത്തരമോരോരോ നൽസ്തുതിയോതിനി-
ന്നുത്തമമായരുൾകേതിയുമായ്
വാഴുന്നിനിന്നീടുവോരാസ്ഥപൂണ്ടോരോരോ
ധാത്രീസുരന്മാരും മറവുള്ളോരും"

വൈകല്യംതീർക്കുന്ന വൈകുണ്ഠനിങ്ങിനെ
വൈകാതെ പോകുന്ന ചൊന്നനേരം

ഇങ്ങിനെചൊൽകേട്ട മായതൻപോയിച്ചെ-
ന്നങ്ങിനെതന്നെയങ്ങാചരിച്ചാൾ

ഇഷ്ടമായുണ്ടായ ഗർഭമൊ ചെഞ്ചമ്മെ
നഷ്ടമായ്പോയിപോൽ ദേവകിക്കൊ

എന്നൊരു വാർത്തയുമെങ്ങുമേ പൊങ്ങിതാ-
യന്നുതുടങ്ങിയന്നാട്ടിലെങ്ങും

ആനകദുന്ദുഭിതന്നുടെ ജായയാം
മാനിനിയായുള്ള രോഹിണിക്കൊ

സുന്ദരനായൊരു നന്ദനനുണ്ടായി
എന്നൊരുവാർത്തയുമവ്വണ്ണമേ

ഛിദ്രിച്ചുപോയൊരു ഗർഭവുംചിന്തിച്ചു
ദുഃഖിച്ചുദേവകി വാഴുംകാലം

ആഗമംതന്നുടെ കാതലിൽപോയ്മറ-
ഞ്ഞൊരുമേകാണാതെ നില്പോനിപ്പോഴം

ദേവകീതന്നുടെ ഗർഭഗനായിട്ട
മേവിനാൻ മേദിനിക്കത്തൽതീപ്പാൻ

കൂപ്പിയിൽനിന്നുള്ള നൽപ്പിള്ളക്കെങ്ങിനെ
കൂപ്പിയെച്ചാലവിളക്കുവാനായം

ഗർഭമായുള്ള വൈഷ്ണവംധാമമ-
ഗർഭിണിതന്നെയുമവ്വണ്ണമെ

ഗർഭത്തിനുള്ളോരു ചിഹ്നവുംപോന്നുവ-
ന്നില്ലമായ്കാണത്തുടങ്ങിമെയ്യിൽ;
നേത്രനിന്നീടുന്ന ഗാത്രങ്ങളെല്ലാമേ
ചീർത്തുതുടങ്ങിതേ നാളിൽ നാളിൽ
ആണുപോയങ്ങിനെ വീണൊരുനാഭിയും
പൂർണ്ണമായ്ത്തുണ്ണമെഴുത്തുടങ്ങി,
സൂക്ഷ്മമായുള്ളൊരു മദ്ധ്യവും ചെഞ്ചമ്മെ
വീക്ഷണ ഗോചരമായിവന്നു
മാന്യമായുള്ള വലിത്രയം മാഞ്ഞുപോയ്
ശൂന്യമായ്തന്നിതു മെല്ലെ മെല്ലെ,
അനകടുന്തുടി മാനിക്കും കൊങ്കകൾ-
ക്കാനനം ചാലക്കുത്തിതപ്പോൾ,
നന്ദനനണ്ടായാലെങ്ങളെ സ്നേഹമി-
ല്ലെന്നതു ചിന്തിച്ചിട്ടെന്നപോലെ
ചാരുവായ്മേവുമമ്മാരോടുചേരുന്നോ-
രാരവും പോയങ്ങു ദൂരമായി .
ബാലകൻവേണമിമ്മാരോടു ചേരുവാൻ
ഞാനിനി നീങ്ങേണമെന്നപോലെ
അന്യമായ്നിന്നുള്ള ഭ്രഷണജാലവു-
മൊന്നൊന്നെ ചാലച്ചുരുങ്ങിതായി
ഈരേഴുപാരിനും ഭ്രഷണമല്ലോയി-
നാരിയിൽനിന്നവനെന്തുചേതം
മാനിനിമാരുടെ മാലികയാമിവർ-
ക്കാനനം ചാലവിളത്തുക്രൂടി

ഗർഭഗനായുള്ളോരർഭകനോടുള്ള
നിർഭരഹാസംകൊണ്ടെന്നപോലെ
അംഗവികാരങ്ങൾ പിന്നെയുമോരോന്നെ
പൊങ്ങിത്തുടങ്ങീതു മേനിതന്നിൽ

വിശപ്പുള്ളെല്ലാന്തന്നുള്ളിലെചേത്തോരു
വിഷ്ണുവെത്തന്നുദരത്തിലാക്കി
മേവിനിന്നീടുന്ന ദേവകി ദേവിത-
ന്നേന്മയെപ്പാക്കിലിന്നാക്കുചൊല്ലാം
ഗർഭിണിയായൊരു ദേവകി തന്നുടെ
അത്ഭുതകാന്തിയെക്കണ്ടു കംസൻ

തന്നിലെ നണ്ണിനാനെന്നുടെ കാലനാ-
യുന്നവനിന്നിവനെന്നുവന്നു
പണ്ടിവൾക്കിങ്ങിനെയുള്ളൊരു കാന്തിയെ-
ക്കണ്ടതില്ലെന്നതുകൊണ്ടുകണ്ടു
എന്തിനിനല്ലതെന്നിങ്ങിനെ ചിന്തിച്ചാ-
ലേതുമെ തോന്നുന്നതില്ലായെന്നും
ഗർഭിണിതൻകുല ചെയ്യുതിന്നായിട്ടോ
കൈൽപു പുലമ്പുന്നിതല്ലചെമ്മെ
പെറരങ്ങു വീഴുമ്പോൾ തെറ്റെന്നുചെന്നുഞാൻ
കൊന്നങ്ങു വീഴ്ത്തുമാറാലൊന്നിനും ബാധയി-
ല്ലെന്നതെ ചിന്തിച്ചാൽ നല്ലതപ്പോൾ
ഇങ്ങിനെ നണ്ണിനൊരന്ധകനായവൻ
തന്നുടെ ദാസരായുള്ളവരെ

കാവലുമാക്കിത്തൻ മന്ദിരം പൂകിനാൻ
ആവിലമായുള്ളൊരുള്ളവുമായ്

ദേവകീതന്നുടെ ഗർഭഗനായൊരു
കേവലൻതന്നെയറിഞ്ഞുനേരെ

ചാരത്തുചെന്നു പുകഴ്ന്നുനിന്നീടിനാർ
പാരാരുറുനിന്നുള്ള വാനോരെല്ലാം

മിത്ഥ്യയെ ചെമ്മെമ്മെ വേരറുത്തീട്ടുന്ന
സത്യമായുള്ളൊരു പോതമായി:

നിത്യമായ് നിന്നൊരു തത്വമായേവിനോ-
രുത്തമരൂപനെക്കാത്തുകൊൾവിൻ

വേദങ്ങൾതന്നെപ്പുണ്ടാരാഞ്ഞുഴന്നുള്ള
ഖേദങ്ങൾതീർപ്പതിനെന്നപോലെ

മോദംകലർന്നൊരു മീനായവറെച്ചെ-
ന്നാദാനം ചെയ്തതു നീതാനല്ലൊ

ആഴിയെ ഞങ്ങൾം കടത്തൊരുനേരംപ-
ണ്ടാഴന്നവന്മല താങ്ങുവാനായ്

കീഴെപുക്കാമതൻ വേഷമായ്നിന്നതു
താഴാതെ കൊണ്ടതും നീതാനല്ലൊ

ഖിന്നതകൈവിട്ടു മന്നിടംകൊണ്ടുപോ-
യുന്നതനായൊരിരണ്ണിയാക്ഷൻ

തന്നെയപ്പന്നിയായ്ക്കൊന്നതു പാർക്കുമ്പോൾ
നിന്നുടെ കാരുണ്യമെന്നെയാവൂ

കാണായതെല്ലാമേ താനെന്നു തേറുവാൻ
തൂണുപിളർന്നു പുറത്തു ചെമ്മെ

കാണായെഴുംനര സിംഹമെന്നുള്ളത്തിൽ
കാണായതല്ലൊ പൊറുത്തതിന്നും

മാനവരെല്ലാരെപ്പോലെ നടന്നുനാം
മാനവും കൈവിട്ട പോരുംകാലം
ദാനവൻതന്നെനീ വഞ്ചിക്കകൊണ്ടല്ലൊ
ദീനംകളഞ്ഞു തെളിഞ്ഞു ഞങ്ങൾം

ഭൂപാലരായുള്ള ഭൂഭാരം പോക്കുവാ-
നാപദിച്ചുള്ളൊരു വെണ്മഴുവാൽ
മൂവ്വേഴുവട്ടംതറച്ചുനീ കേവലം
പാവ്കനേശ്രംപലാശ്രംപോലെ

പത്തായ ദിക്കുകൾംക്കത്തൽ വളത്തൊരു
പത്തുമുഖനായ പാപിയെക്കൊ-
ന്നിത്തരമായുള്ള ഞങ്ങളെക്കാത്തുവ്വി-
യിത്രനാളൊട്ട പൊറുത്തിരുന്നു

ഇക്കാലം നിന്നുടെ തൃക്കാലെന്നിങ്ങിനെ
ചൊല്ലൊണ്ടുപോരുമിപ്പാരിടത്തെ
ദുഃഖങ്ങൾംതീർത്തുനീ രക്ഷിച്ചുകൊൾംവതി-
ന്നിക്ഷണം നാമിതകൈതൊഴുന്നേൻ!

ഇങ്ങിനെയോരോരോ മംഗലവാക്കുകൾം
ഭംഗിയിൽ ചൊല്ലിപ്പുകണ്ണപിനെ
വാനിടം മുന്നിട്ട പോകത്തുടങ്ങിനാർ
വാനവരെല്ലാരും മെല്ലെ മെല്ലെ

മേദിനീദേവിയുമാദരവോടുതൻ
വേദന വേറിട്ട നിന്നനേരം

മംഗലയായുള്ള ദേവകീദേവിക്ക
ചിങ്ങമാം മാസവും പോന്നുവന്നു
അഷ്ടമിരോഹിണി തങ്ങളിൽ കൂടിനി-
ന്നിഷ്ടമായുള്ളൊരു നൽപൊഴുതും
മാംഗല്യജാലങ്ങൾ പൊങ്ങിനിന്നെങ്ങുമെ
നിന്നു തിങ്ങിയെഴുന്നു തുടങ്ങിയപ്പോൾ
ആരണർക്കുന്മത്തിലഗ്നികളെല്ലാമെ
പാരമെഴുന്നു വലംചുഴന്നു
സച്ഛങ്ങളായുന്നു തോയങ്ങളെല്ലാമെ
സജ്ജനമാനസമെന്നപോലെ
താരങ്ങളായുള്ള താരങ്ങൾ പൂണ്ടിട്ടു
പാരംവിളങ്ങിവിയത്തുമപ്പോൾ
മത്തങ്ങളായ് നിന്നു പാടിത്തുടങ്ങിതു
ചിത്തം തെളിഞ്ഞുള്ള ഭൃംഗങ്ങളും
മന്ദവായുന്നങ്ങു വീശിത്തുടങ്ങിനാൻ
സുന്ദരമായൊരു തെന്നൽതാനും
ഇങ്ങിനെയോരോരോ നന്മകൾ പിന്നേയും
മംഗലഹേതുക്കളായിവന്നു
കാത്തുനിന്നീടുന്ന കംസനിയോഗികൾ
ചീത്തൊരു നിദ്രയും പൂണ്ടാരപ്പോൾ
പാവനയായൊരു ദേവകീദേവിക്ക
നോവുതുടങ്ങിതു മെല്ലെ മെല്ലെ
വേദനവേറിട്ടു മേദിനീദേവിക്ക
മേനിയിൽ നോവുകുറഞ്ഞിതപ്പോൾ

ചൊൽക്കണ്ണിതന്നിലെ ദീർഘങ്ങളായുള്ള
സ്ഥൂൽകാരജാലവു മുണ്ടായപ്പോഠം
മൂർഖരെത്തിണ്ണം ചുമന്നുള്ളനന്തനു
സ്ഥൂൽകാരമീഷൽതളർന്നതായി
ചീറ്റുനിന്നീടുന്നൊരിറ്റുനോവാണ്ടവ-
ളാത്തയായേറവും മേവുന്നേരം
ഇന്ദുദിഗംഗനാചന്ദ്രനായുള്ളൊരു
നന്ദനൻതന്നേയും പെറാളപ്പോഠം
അംബരമായുള്ളൊരങ്കണം തന്നിലെ-
രിംഖണംചെയ്യുവൻ നിന്നനേരം
കോമളയായൊരു രുഗ്മിണിതന്നുടെ
വാർമുല തന്നിലലങ്കരിപ്പാൻ
ദേവകിയായൊരു കല്പകവല്ലിമേൽ
മേവിനിന്നിട്ടമട്ടിവ്യരത്നം
ഭൂതലംതന്നിലങ്ങായതുകാണായി
പൂതനായുള്ളൊരു താതനപ്പോഠം
കാർമുകിൽ മാലയാൽ പാതിമറഞ്ഞൊരു
വാർമതിപ്പൈതൽതാനെന്നപോലെ
കന്തളജാലംകൊണ്ടഞ്ചിതമാകയാൽ
ചന്തത്തെക്കോലുന്ന ഫാലവുമായ്
കമ്പത്തെക്കൊണ്ടേയിപ്പാരിടം തന്നുടെ
സംഭവൻതന്നേയും പാലനവും
ഇല്ലായ്മതന്നെയുമാചരിച്ചീടുവാൻ
കല്പതകോലുന്ന ചില്ലിയുമായ്

കാർമുകിൽ മാലകൾ കാൺചിടിച്ചിടുന്ന
കാന്തിചെ പൂണ്ടൊരു മെയ്യുമായ്
രമ്യമാകുള്ളൊരു മെയ്യിലിൽചെന്നു

പങ്കജൻതന്നുടെ ഉന്മേഷംതന്നേയും
സ്കോചൻതന്നേയും ചെയ്യിപ്പാനായ്
ദാക്ഷിണ്യംപൂണ്ടുള്ള വീക്ഷണദ്വന്ദ്വത്തി-
ലിക്ഷണംകൊണ്ടുള്ള കാന്തിയുമായ്
ഭംഗിയെപ്പൂണ്ടൊരു പൈങ്കിളിച്ചുണ്ടോട്ട
സംഗത്തെക്കോലുന്ന നാസികയും
മണ്ഡനമായൊരു കുണ്ഡലകാന്തിയാൽ
മണ്ഡിതമായുള്ള ഗണ്ഡവുമായ്
കന്ദത്തിൻപൂവേയും ചന്ദ്രികാതന്നേയും
നിന്ദിച്ചുനിന്നൊരു മന്ദഹാസം
കമ്രമായ് നിന്നോരു കംബുതൻ കാന്തിയെ
ചക്രംതുടങ്ങിയുള്ളായുധമോരോന്നെ
നൽകരം നാലിലുമുണ്ടുതാനും
ശ്രീവത്സകാന്തിയും കൌസ്തുഭകാന്തിയും
നേരൊത്തു തങ്ങളിൽ ക്രൂടുകയാൽ
കാളിന്ദി നീരോട്ടമേളിച്ചു മേവുന്ന
പാലാഴിത്തുവെള്ളം തന്നിൽചെമ്മെ
മുങ്ങിനിന്നീടുന്നോരജ്ഞനവേദിയെ-
ന്നിങ്ങിനെ തോന്നുമമ്മാറുകണ്ടാൽ
എണ്ണമററീടുന്നോരണ്ഡകടാഹങ്ങൾ-
ക്കന്യൂനമായൊരു ഭാജനമായ്
മേവിനിന്നീടുമന്നല്ലദരത്തെഞാ-
നേവമെന്നിങ്ങിനെചൊല്ലിക്രൂടുകയാൽ

മണ്ണാളൻ
മഞ്ഞളംപിഴിഞ്ഞൊരു ക്രോയും പൂണ്ടിട്ട
മഞ്ഞളുമായൊരു മല്ലുദേശം ;
ഉരുക്കളം ജാൻക്കളം ജംഘകളെന്നിവ
നാരായണൻ. ചാരുക്കളെന്നേ ഞാൻ ചൊല്ലുവല്ലൂ.
തിങ്കളംതൻകാന്തിക്കു ശങ്കയെത്തന്നുള്ളി-
ലങ്കുരിപ്പിക്കുമത്തുനഖങ്ങളും ;
അംഗുലിയായുള്ളങ്ങളെക്കാണുമ്പോൾ
പങ്കജമത്രെയിപ്പാദയുഗം .

ഉള്ളുകാൽതന്നുടെ മാർദ്ദവം ചിന്തിക്കിൽ
കല്ലെന്നു തോന്നുമപ്പല്ലവത്തെക്കുറുമ്പ്
ഖേദങ്ങളംപോക്കുന്ന വേദങ്ങളംനാലിനും
കാതലായ്തീരുന്ന നാഥനപ്പോൾ
മംഗലം നൽകുവാൻ മാലോകക്കായിക്കൊ-
ണ്ടിങ്ങിനെ പോന്നുപിറന്നനേരം
വിസ്മിതനാകുന്നോരാനകദുന്ദുഭി-
വിഷ്ണുവെന്നിങ്ങിനെ നണ്ണിനേരെ
വാക്കുകൊണ്ടേറവും വാഴ്ത്തിനിന്നീടിനാൻ
വായ്പോട്ട കുമ്പിട്ട ക്രൂപ്പിനന്നായ് ;
കേവലനെത്തന്റെ പുത്രനായുണ്ടൊരു
ദേവകീദേവിയുമവ്വണ്ണമെ .
ഉത്തമയായൊരു ഭക്തിയെപ്പൂണ്ടവൾ
ചിത്തംതെളിഞ്ഞു പുകണ്ണനേരം
നാഥനായുള്ളവൻ പ്രീതനായ് ചൊല്ലിനാൻ
താതനോടായിട്ടമ്മാതാവോടും ; —

പണ്ടുമിന്നിങ്ങളംക്കുസൂനവായ്മേവിനേൻ
രണ്ടുജന്മങ്ങളിലിങ്ങിനേഞാൻ

നിങ്ങളംക്കിന്നെന്നിലെഭക്തിയെക്കണ്ടിട്ട
നിങ്ങളിലുള്ളോരുകാരുണ്യത്താൽ

ഇങ്ങിനെയുള്ളോരുരൂപത്തെക്കാട്ടിഞാൻ
നിങ്ങളംക്കുസന്തതം ചിന്തിപ്പാനായ് ;

ബന്ധത്തപ്പോക്കുന്നോരെന്നുടെദേഹത്തെ
സന്തതം ചിന്തിച്ചുനിന്നുകൊണ്ടാൽ
പാതങ്ങളംവേറിട്ടപൂതന്മാരായ്വന്നേൻ-
പാരങ്ങളംതന്നോട്ടുക്കുട്ടുംനിങ്ങളം,

ഇന്നിലംതന്നിൽനിന്നെന്നെനീകൊണ്ടുപോയ്
നന്ദന്റെരമന്ദിരംതന്നിലാക്കി

ചാരത്തുകാണുന്നദാരികാതന്നെയും
പാരാതെകൊണ്ടിങ്ങുപോന്നുകൊംവ്യ

മംഗലനാമെയാരുപങ്കജലോചന
നിങ്ങിനെചൊന്നവരോടുപിന്നെ
താതനുംമാതാവുംനോക്കിനിന്നീടവേ
പൈതലായ്മേവിനാൻകൈതവത്താൽ

വിസ്മയംപൂണ്ടുള്ളോരച്ഛനമ്മയ്ക്കും
വിഷ്ണുവെന്നുണ്ടായബോധമപ്പോൾ
എന്നുടെപൈതലെന്നിങ്ങിനെയുള്ളോരു
നിർണ്ണയമായിച്ചമഞ്ഞുകൂടി ;

കാമനച്ചുണ്ടുപിളുക്കിനിന്നിടുന്നോ
രോമനപ്പൈതൽതാൻപൈതുടന്നു

അമ്മിഞ്ഞിതാരാഞ്ഞതെന്തിനിക്കമ്മയെ-
ന്നമ്മയെനോക്കിമയങ്ങുന്നേരം

ധന്യയായുള്ളയശോദതൻപുത്രിയാ-
യുന്നിടംപൂകിനാരംമായതാനും,

കംസനെപ്പേടിച്ചുള്ളാനകട്ടുഭി
പൈതലെത്തന്നുടെകയ്യിലാക്കി

അമ്പാടിതന്നിലേപോവതിനായിക്കൊ-
ണ്ടമ്പോട്ടുചാലെനടന്നനേരം

തങ്ങളേതന്നെതുറന്നതുകാണായി
ചങ്ങലപൂണ്ടുള്ളവാതിലെല്ലാം.

വ്യഗ്രവുംപിന്നിട്ടുദ്വേഗവുംപിന്നിട്ട
നിഗ്രമിച്ചുങ്ങവൻനിന്നനേരം

എന്നുടെകാന്തികൈവിട്ടുകമിപ്പൈതലെ
ഖിന്നനാക്കേണമിന്നെന്നപോലെ
പാഴിടിപൂണ്മമക്കാർമുകിൽവന്നിട്ട
പാമഴതുകിത്തുടങ്ങിതപ്പോഴം;

എന്നതുകണ്ടൊരുപന്നഗനായകൻ
തന്നുടെയാനനജാലംതന്നെ

ഒക്കവെചാലെപ്പരത്തിനിന്നങ്ങിനെ
നല്ലൂടയാക്കിനടന്നുമീതെ;

അമ്മഴതന്നെതടുത്തുനിന്നീടിനാൻ
വെണ്മയെപൂണ്ടുള്ളോരെന്നുഞായം.

ആനകട്ടുന്നുഭിതന്നുടെചേണെഴും
പാണിയായുള്ളോരുയാനമേറി

വാരിരുഹനിന്നൊരുവാരിനിനാളമാം
ഭേരിതൻനാദവുംപൂരിച്ചെങ്ങും
വങ്കനിവാണ്ടൊരുപന്നഗനാഥനാം
വെൺകുടതന്നെയുംചൂടിനന്നായ്
ശമ്പയായുള്ളൊരുദീപവുംസമ്പാദി—
ച്ചമ്പാടിമുന്നിട്ടുപോവതിന്നായ്
കൈതവമാണ്ടനൽപ്പൈതലായ്വേഷമ—
ക്കൈടഭവൈരിതാൻചെല്ലുന്നേരം
മേളുംകലന്നൊരുകാളിമാപൂണ്ടുന—
ല്ലോളങ്ങളാളുമക്കാളിന്ദീതാൻ

നൽവഴിനന്നായിനൽകിനിന്നീടിനാൾ
നല്ലവക്കെന്നല്ലൊതോന്നിഞായം.
പാദങ്ങൾപോലുംനനഞ്ഞുനിന്നീടാതെ
പാഴ്ച്ചുരമ്പേറിനടക്കുമ്പോലെ

ആനന്ദംപൂണ്ടുള്ളോരാനകദുന്ദുഭി
കാളിന്ദീതന്നേയുംപിന്നിട്ടപ്പോഴം
അംഭോജലോചനംതന്നേയുംപൂണ്ടുകൊ—
ണ്ടമ്പാടിതന്നിലുംചെന്നുപുക്കാൻ.

ചെന്നൊരുനേരത്തുസുന്ദരിയായൊരു
നന്ദവിലാസിനിതന്നെക്കണ്ടാൻ
സൂതികൊണ്ടുണ്ടായമോഹത്തെപൂണ്ടിട്ടു
ഭൂതലംതന്നിൽകിടന്നിതപ്പോഴം
മറവുള്ളോരെല്ലാരുംനിദ്രയെപൂണ്ടിട്ടു
ചുറവുംകിടന്നതുംകണ്ടാൻപിന്നെ

നന്ദവിലാസിനീതന്നുടെചാരത്തു
നല്ലൊരുപെണ്ണിള്ളതന്നെക്കണ്ടാൻ

ബാലകന്മാരെക്കൊണ്ടാനകട്ടന്ദുഭി
വാണിഭംചെയ്യുന്നോനെന്നപോലെ

തന്നുടെപൈതലെക്കൊണ്ടുചെന്നങ്ങവൾ
തന്നുടെചാരത്തുചേർത്തുപിന്നെ

പെണ്ണിള്ളതന്നെയുംമെല്ലവെകൊണ്ടുപോ-
ന്നമ്പാടിതന്നേയുംപിന്നിട്ടടൻ

ക്ഷിന്നതക്രൂരാതെതന്നുടെപൂരിലും
വന്നുനിന്നീടിനാനന്നുതന്നെ.

അമ്പോടുപിന്നെയദ്ദേവകീചാരത്തു
പെണ്ണിള്ളതന്നെയുംചേർത്തുചെമ്മെ

കഞ്ചനെപ്പേടിച്ചുമുന്നമെപ്പോലെയ-
ച്ചങ്ങലതന്നേയുംപൂണ്ടുനിന്നാൻ

ദേവകീതന്നുടെചാരത്തുചേരുമ-
ക്കേവലയായൊരുദേവിയപ്പോൾ

മാറെറാലികൊള്ളുമാറിറില്ലംതന്നിൽനി-
ന്നേറെറംകരഞ്ഞുകരഞ്ഞുനിന്നാൾ

ഞെട്ടിയുണർന്നുള്ളകംസനിയോഗികം
ചെട്ടെന്നുചെന്നിട്ടൊന്നനേരം

വാളുമായ്ചെഞ്ചമ്മെവന്നുനിന്നീടിനാൻ
കാലനാനേരായകംസനപ്പോൾ.

കണ്ടൊരുനേരത്തുപണ്ടേതിലേറെറവു-
മിണ്ടലുംപൂണ്ടുവിറച്ചുപാരം

കംസനോടായിട്ടൊല്ലിനിന്നീടിനാൾ
കാതരയായൊരുദേവകിതാൻ

പാമ്പെന്നുചിന്തിച്ചുശങ്കിച്ചുനിന്നതോ
പാശമായല്ലൊതാൻവന്നുകൂടി

പാപങ്ങളിന്നുനീയാചരിച്ചീടാതെ
പാരാതെപോകെങ്കിലെന്നേവേണ്ട

എന്നുടെശോകത്തിൻകാരണമാക്കൊല്ല
ഇന്നിനിയെമ്പെതൽതന്നെയിപ്പോൾ ;

ഒന്നരണ്ടല്ലല്ലൊപെണ്ടുനീയെന്നുടെ
നന്ദനന്മാരെക്കൊലപ്പെടുത്തി

ഒന്നല്ലയാതൊരുപെണ്ണിള്ളതന്നെനീ
ഇന്നിനിക്കായിവഴങ്ങേണമേ .

ഇങ്ങിനെചൊന്നുടൻകന്യകാതന്നെയും
പൊങ്ങിനിന്നീടുന്നശോകത്താലെ

മാറോടുചേത്തിട്ടുപൂണ്ടുകൊണ്ടീടിനാൾ
മാപാപിചെന്നതൊടാതവണ്ണം

സ്വാമിനിതന്നുടെരോദനംകണ്ടിട്ട
രോഷിതനായൊരുകംസനപ്പോൾ

ഓടിയണഞ്ഞുവലിച്ചുനിന്നീടിനാ-
നോമനയായൊരുപൈതൽതന്നെ

പാദംപിടിച്ചവൻപാറമേൽതല്ലുവാൻ
പാരംകുഴറിനിന്നോരുനേരം

കീഴ്പ്പോട്ടതല്ലുവാനോങ്ങിയനേരത്തു
മേല്പോട്ടുപോയതൊകണ്ടുപിന്നെ .

ഈ തുഷ്ണീയുംപൂണ്ടവൻനോക്കിനാനെന്നാപ്പോ-
ളീശ്വരിയാമവംതന്നെനേരെ
അംബരംതന്നിലെലംബിതയായിനി-
ന്നംബികാതന്നെയുംകാണായപ്പോഴം

നേരുങ്ങരംക്കേതുമേനോക്കരുതാതൊരു-
ദീപ്തിയെപ്പൂണ്ടൊരുമെയ്യുമായി ;

ദേവിതന്മെയ്യിലെലാവണ്യംചൊൽവാനി-
ന്നാവിന്നുംവൈഭവംവന്നുക്രൂടാ ;
പൂഞ്ചായൽതന്നുടെകാന്തിയെചൊല്ലുവാൻ
വാഞ്ഛയുണ്ടാകുന്നുകാങ്കിനിക്കൊ
തുല്യതയില്ലാതെതുല്യതചൊല്ലുമ്പോഴം
വല്ലായ്മയെന്നതുംവന്നുക്രൂട്ടം
കണ്ടിയന്നിങ്ങനെകൊണ്ടാടിചൊല്കിലൊ
കൊണ്ടൽതന്നുള്ളത്തിലിണ്ടലുണ്ടാം
അല്ലെന്നപൊൽകിലോനീലത്തഴകുംവ-
ന്നില്ലലായ്നിന്നങ്ങുപേശികൊള്ളും
മറെറാന്നുചൊൽകിൽ മനംകലഞ്ഞീടുമ-
ക്കുറവമറീടും പനങ്കുലയ്ക്കും
എന്നതുമൂലമക്രുന്തലെ വാഴ്ത്താതെ
മന്ദമായ്നിന്നു മടങ്ങുന്നുഞാൻ .

അന്ധതകൊണ്ടിനിച്ചന്തമാണ്ടീടുമ-
ക്കുന്തളം വാഴ്ത്തുവാൻ ചിന്തിക്കുന്നേൻ :-
ചാലയുയുള്ളൊരു നായകിതാൻപൊറു
ചാപലം പൂണ്ടൊരു ബാലകന്മാർ

നെറിയായുള്ളോരു മുറത്തിലാമ്മാവ-
മുറമമ്മിണ്ണുള്ള ലീലയല്ലെ
ചിന്തിനകാന്തി കലന്നുനിന്നീടുമ-
ക്കുന്തളമായിട്ട കണ്ടതിപ്പോൾ .

മെയ്യലിയിലുള്ളോരു വാർതിങ്കൾതന്നുടൽ
പാതിപൊളിഞ്ഞിട്ട വീണനേരം
ചില്ലിതടഞ്ഞങ്ങു വീഴരുതായ്കയാൽ
മെല്ലവെ തങ്ങിയുറച്ചതന്നെ .

കാണുന്നോർ കണ്ണിനു തോന്നുമാറുള്ളോരു
കാന്തിയെപ്പൂണ്ണിത്തുനെറിതാൻ .
ആനനൻതന്നോട നേരൊത്തുപോരുവാൻ
മാനിച്ച തിങ്കളും പങ്കജവും
ഒക്കവെ ചെന്നു പിണങ്ങിനനേരംക-
ണ്ടക്ഷണമാനന ലക്ഷ്മിതനെ
തിങ്കളെനീയിതിൻ മീതെയായ് നിന്നുകൊൾ
പങ്കജമേയിതിൻതാഴെനീയും
എന്നങ്ങു ചൊന്നോരു സീമയിട്ടീടിനാ-
ളെന്നതുചില്ലിയായ്കണ്ടതിപ്പോൾ .
ചില്ലികളായുള്ള കല്ലോലൻതങ്കീഴെ
മെല്ലവെ ചെന്നുകളിക്കയാലെ
ആനന്ദമാളുമക്കണ്ണിണതന്നെയോ
മീനങ്ങളെന്നല്ലോ ചൊല്ലേണ്ടുന്നു .

ആനനകാന്തിയായ്മേവിനിന്നീടുന്ന
മാനിനിയ്ക്കുമ്പിനോടാട്ടവാനായ്

ഉല്ലസിച്ചീടുന്ന പൊന്തയലെന്നേയ-
ചോരിവായായോരു ചെന്തൊണ്ടിതങ്കനി
ചാരത്തു കണ്ടതു കൊത്തുവാനായ്

മെല്ലവെ ചെല്ലുന്ന പൈങ്കിളിച്ചുണ്ടെന്നേ
ചൊല്ലുവാൻതോന്നുമന്നാസകണ്ടാൽ.
മണ്ഡനമായുള്ള കണ്ഡലഷണ്ഡത്താൽ
മണ്ഡിതമായുള്ള ഗണ്ഡംകണ്ടാൽ
സ്വർണ്ണംകൊണ്ടുള്ളോരു കണ്ണാടിതന്നുടെ-
യുണ്ണാഡി തിണ്ണം വിറയ്ക്കുമപ്പോഴം.
ചോരിവ തന്നോടു നേരായിച്ചെന്നപ്പോഴം
പാരതെ തോറ്റൊരു ചെമ്പരുത്തിക്കാൽ
മാറത്തുചേരുന്നോരാരത്തെ കണ്ടിട്ടു
നേരിട്ടു ചൊല്ലൊല്ലയെന്നനണ്ണി

കാഷ്ണുങ്ങടം രണ്ടും മറച്ചുനിന്നീടുന്ന
വാട്ടമറിടുമട്ടന്തങ്ങളേ.
പുഞ്ചിരിയെന്നതോ ചന്ദ്രികാ ചെഞ്ചെമ്മെ
ആഞ്ഞാതെ ചൊല്ലാമതെല്ലാരോടും
ഏണാങ്ക മെന്നലിതൻ നേത്രചകോരങ്ങടം
ക്ഷീണായിമേവുമോ അല്ലയായ്കിൽ.
പൂണ്ണായുള്ളോരു തിങ്കളേ മെന്നലിയിൽ
പൂണ്ടുനിന്നീടുന്ന ശൈവലിംഗം
എന്നതേതോന്നുന്നിതാനനൻതൻകീഴെ
നിന്നുവിളങ്ങുമക്കണ്ണുകണ്ടാൽ.

വാർമുലയായൊരു മാലേയക്കുന്നിൽനി-

പോകത്തുടങ്ങുന്ന ഭോഗികളെന്നതെ

മെത്തിയെഴുന്നോരു യൌവനമാകുന്ന

കൊങ്കകളായിട്ടു കണ്ടതെന്നിങ്ങിനെ

ശ്യാമളമായൊരു രോമാളിയാകുന്ന

പുഷ്പമായൊരു പുഷ്കരവും

കോമളത്തുമ്പിക്കൈ കാൺകയാലെ;

നൊട്ടോടം ചൊല്ലേണ്ട എന്നുനണ്ണി

ചീത്തുനിനീട്ടുന്നൊരാൽക്കീടം ചെമ്മേ

കുംഭിതൻതുമ്പിക്കൈനിൻതുടകണ്ടല്ലൊ
കുമ്പിട്ട പോരുന്നതിന്നുമിപ്പോഴം
ചൊൽപെറുനിന്നോൽ ശോഭയെക്കാണുമ്പോൾ
ചൊവ്വെന്ന ചൊൽകെന്യേ തോന്നുന്നില്ലെ
ഒപ്പില്ലയാതിനിക്കൊപ്പിനെച്ചൊന്നായെ-
ന്നംപൂവിൽ കോപിക്കം ജാനവപ്പോഴം മുട്ടുൽ

എന്നതുമൂലംതാൻ ജാനുക്കൾവാഴ്വാ-
നേതുമേ വല്ലാതെ നിന്നതു ഞാൻ.

ദേവിതൻചാരുകണംകഴൽനേരൊത്തു
മേവിനിന്നീടേണമെങ്ങൾകണും മുട്ടുൽ
എന്നങ്ങു ചിന്തിച്ചു ചന്ദ്രക്കലാധരൻ
തന്നുടെ സേവയെച്ചെയ്യതിന്നായ്
നിർജ്ജനമായോരു കാനനംതന്നിൽപോയ്
ഷഡംഘ്രിവൃംപോടിനൽകേകിജാലം
കറമറീടുന്ന നൃത്തമാടീടുന്ന
മറൊന്നും ചിന്തിച്ചിട്ടല്ല ചൊല്ലാം.
നാകികരം മെയ്വലിയിൽ താവിനിന്നീടുന്ന
നാഗമഹാമണി ജാലങ്ങളിൽ
പാരമുരുമ്മിയെഴുന്നനിന്നീടുമ-
പ്പാദനഖങ്ങൾതന്നംശുജാലം
മീതെ വഴിഞ്ഞു പരന്നുകാണുമ്പോൾ
ശ്വേതമായുള്ളോരുക്കുമ്മമെന്നു

എന്മനംതന്നിലോ സന്തതംതോന്നുന്നീ-
തംബികതൻപ്രപദങ്ങൾ രണ്ടും .
മഞ്ജീരൻതന്നുടെ മഞ്ജുളമായോരു
ശിഞ്ജിതമാകുന്ന ഹംസനാദം
എപ്പോഴും കേൾക്കയാലപ്പാദംചെഞ്ചെമ്മെ
ചൊൽകൊള്ളുംപങ്കജമെന്നുതോന്നും
× വാനവർസ്ത്രീകളാം വാരിജം ചെഞ്ചെമ്മെ
കാണുന്ന നേരത്തു ക്ലേശമാകയാൽ
തിങ്കളെന്നുള്ളോരു ശങ്കയുമുണ്ടിനി-
ക്കങ്കുരിച്ചീടുന്ന പാരമുള്ളിൽ .
ഉഗ്രംക്കാമ്പിൽത്തന്നെച്ചേർന്നുംക്ലേശംനിന്നോർതൻ
ദുഃഖമാം കാന്താരം നിറുകയാൽ
അംകിയെന്നുള്ളോരു ശങ്കയുമുണ്ടിനി-
ക്കങ്കുരിച്ചീടുന്ന പിന്നെയുള്ളിൽ .
ഭക്തരായുള്ളവർ ചിത്തത്തിൽമേന്മേലെ-
യെത്തുമിരുട്ടിനെത്തള്ളുകയാൽ
പകജകാമുകനെന്നോരുശങ്കയു-
മംകുരിച്ചീടുന്ന പിന്നെപിന്നെ
ഉപ്പാദന്തന്നിലെപ്പൊൽപൂപരാഗത്തെ-
മുല്പാടെത്തെണ്ടിത്താൻകൊണ്ടുപോയി
വാരിജസംഭവൻ പാരിടമെല്ലാമെ
ചോഗംപാരാതെ നിർമ്മിച്ചുവെന്നുകേൾപ്പൂ

എന്നതുകൊണ്ടുപോൽ പന്നഗനായകൻ
തന്നുടെ മൌലിയിൽ ചേക്കുന്നതും
ഉത്തുംഗനായ തിരുപനായ് നിർജ്ജഡ്ഡനായുള്ള
ശിവൻ ധൂർജ്ജടിതാനതും നീറിപ്പിനെ
ആദരവോടതു മൂട്ടുന്നമേനിയിൽ
പാടപരാഗങ്ങളാകകൊണ്ടെ
ഉത്തരരായ് ചെന്നിട്ട മാതാവിൻഗർഭത്തിൽ
നന്ദിനിയെന്നനണ്ണി
മാലകന്നിട്ടമ്മാമുനിമാരെല്ലാം
മൌലിയിൽചേക്കുന്ന ഭാവനയാൽ
ആഗമൻതന്നുടെ കാതലായ്മേവുമി-
പ്പാടപയോജപരാഗത്തെ.
ഇപ്പടംതന്നിലെ നില്പോരുമാനസം
കെല്പോടെ ചേത്താൻപണ്ടപ്പൊഴലസ്ത്രൻ
മുശ്ചേന്തുശേഖരൻമിത്രമെന്നുള്ളതും
വിത്തേശനെന്നുംപേരനുണ്ടായി.
ഉന്മദംപൂണ്ടോരു വന്മഹിഷാസുരൻ
തന്മദംതീർത്തിന്നോക്കിലാക്കാം ?
സുംഭനായ് നിന്നുള്ളോരുമ്പർകോൻവൈരിതൻ
ഡംഭത്തെതീർത്തുമവുണ്ണമെ.
ഓരോരോദാനവവീരരെക്കൊന്നിട്ടി-
പ്പാരെല്ലാംപാലിപ്പാൻപാക്കിലാക്കാം ?.

ആഗമംതാനുമിപ്പാദങ്ങൾതന്നെപ്പോ-
യാരാഞ്ഞുപോരുന്നിതിന്നുമെന്നാൽ
ഇങ്ങിനെമേവുമിപ്പാദപയോജന്താ-
നെങ്ങിനെയിങ്ങിനെഎന്നുചൊൽവൂ ?
വായ്പോടുകമ്പിട്ടുപിന്നേയുംപിന്നേയും
കൂപ്പുകയെന്നിമറെറാന്നുവല്ലേൻ;
കേവലയായോരുദേവിയെവാഴ്ത്തുവാൻ
ആവതല്ലെന്നതുചിന്തിയാതെ

കാടായിച്ചൊല്ലുന്നതെന്തുനീയെന്നല്ലീ
മൂഢരായുള്ളോരിൽമുമ്പുണ്ടല്ലൊ
പാടവംക്രൂടാതെമൂഢരായുള്ളോരോ
കാടാകുമാറല്ലൊചൊല്ലേണ്ടുന്നു.

എന്നതുമോർക്കുമ്പോളിന്നുഞാൻചൊന്നതു
നിന്ദ്യമല്ലെന്നതുംവന്നുകൂട്ടം .
അങ്ങിനെപോകയ്ങ്കംബരംതന്നിൽനി-
ന്നിങ്ങിനെയുള്ളോരുദേവിയപ്പോൾ
താഴെനിന്നീടുന്നകംസനോടായിട്ട
കോപിച്ചുകളഞ്ഞുപറഞ്ഞുനിന്നാൾ :-

എന്നെനീയെന്തിനുകൊല്ലുവാൻക്രൂടുന്നു
നിന്നുടെഘാതകിയല്ലുഞാനൊ
ചാലപ്പിറന്നവളൻള്ളോൻനിന്നുടെ
കാലനായുള്ളവൻബാലനായി
ഏറെവുംദൂരത്തോനല്ലയെന്നുള്ളതും
തോറ്റിനിന്നീടാമിന്നിനോടിപ്പോൾ

എന്നിലമെന്നതുനിന്നിലെനണ്ണിനീ
കൊന്നകൊള്ളെങ്കിലൊഭോജനാഥ!
കംസനോടിങ്ങിനെസംശയംക്കൂടാതെ
ശാസിച്ചുനിന്നോരുദേവിയപ്പോൾ
മാലോകർക്കോലുന്നോരാലംബമായിട്ട
ഭൂലോകന്തന്നിലെഴുന്നെള്ളിനാൾ.

സ്ഥാനങ്ങളോരോന്നെമാനിച്ചുനൽകിനാർ
മാനവരെല്ലാരുംദേവിക്കപ്പോൾ
ആദരണർചെയ്യുന്നപൂജയുംകൊണ്ടുകൊ-
ണ്ടാദരാവോടുതെളിഞ്ഞുമേന്മേൽ

ഭൂലോകംതന്നിൽവിളങ്ങിനിന്നീടിനാൾ
മൂലോകനായികയായദേവി
അഞ്ചിതമായോരുദേവിതൻചൊല്ലെല്ലാം
നെഞ്ചകംപൂകിനകഞ്ചനപ്പോൾ

വിശ്വസിച്ചീടിനാൻനിശ്വസിച്ചീടിനാൻ
വിസ്മയിച്ചീടിനാൻനീളനീളെ
കെട്ടുപെട്ടീടിനദമ്പതിമാരെയും
പെട്ടെന്നുചെന്നങ്ങഴിച്ചുപിന്നെ
ഓച്ച്യുംപൂണ്ടുചരഞ്ഞുനിന്നീടിനാൻ
ചാച്ച്യുംചേച്ച്യുംവേഴ്ച്യുമായ്

'നിങ്ങടംകുസുനവായുള്ളവനല്ലപോ-
ലെന്നുടെഘാതകനന്യനത്രെ
എട്ടാമതുണ്ടായബാലകനെന്നതൊ
പട്ടാങ്ങുകൊന്നതുവന്നുകൂടി

ഇതുശ്വരവാക്കിനുംസത്യമതില്ലെന്ന-
താശ്ചര്യമാകുന്നിതോക്കുംതോറും .
ഓരാതെവന്നിട്ടഘോരനായുള്ളഞാൻ
ആരുകിടാങ്ങളെക്കൊന്നേനല്ലോ

എന്നുടെവമ്പിഴയെല്ലാമേനിങ്ങളി-
ലെന്നുന്നിച്ചുകൊണ്ടുപൊറുക്കേണമെ
ഇങ്ങിനെചൊന്നുടൻതന്നുടെമന്ദിരം
തന്നിലുംപൂകിനാൻഖിന്നനായി

പിറേന്നാൾനേരേതന്നുറോരെയെല്ലാമെ
തെറ്റെന്നുചാരത്തുകൊണ്ടുപിന്നെ
ഒന്നിച്ചുകൊണ്ടുപറഞ്ഞുനിന്നീടിനാൻ
കന്യകതന്നോടുചൊന്നതെല്ലാം

കേട്ടനിന്നീടുന്നദാനവരെന്നപ്പോൾ
വാട്ടമകന്നോരുവാത്തചൊന്നാർ

ബാലനായുണ്ടുനിൻകാലനായുള്ളവൻ
ഭൂലോകംതന്നിലിന്നെങ്കിൽഞങ്ങൾ

ഒക്കവെചാലപുറപ്പെട്ടുചെന്നോരോ-
ദിക്കുകളെങ്ങുംനടന്നുപിന്നെ

കണ്ടുകണ്ടീടുന്നബാലകന്മാരേയോ
കണ്ടുംപിരിച്ചുകഴിക്കുമല്ലോ ;
ബാലകന്മാരെന്നവാത്തകളൊന്നുമേ
ഭൂലോകംതന്നിലില്ലാതവണ്ണം
കൊന്നുകൊന്നീടുന്നബാലരെയെണ്ണുമ്പോൾ
ഒന്നിവനെന്നതുംവന്നുകൂടും ;

പിന്നെ നമുക്കൊരുവൈരിയുംക്രൂടാതെ
നന്നായിവന്നീടുംകാലംമേലിൽ

ദേവകളായുള്ളവൈരികളെന്നിയെ
കേവലമില്ലമറെന്നുവന്നു

ദേവകളെന്നുള്ളതില്ലാതെയാക്കുവ-
ന്നാവതല്ലെങ്കിലുംവേണമതേ

ദേവകൾക്കുള്ളോരുവേർപറച്ചീടുന്ന
തേവമെന്നിങ്ങിനെചൊല്ലാമെങ്കിൽ

നാരായണൻതന്റെ വേരായിനിന്നതിദേവകൾക്കെല്ലുംകൂടും
വീരനായ് സ്ഥിരമന്നാരായണൻ
നാരായണൻതന്റെ വേരായിപ്പോരുന്നോ-
രാരണരെല്ലാരുംവേദങ്ങളും
സത്യവുംധർമ്മവുംയജ്ഞവുംഗോക്കളും
ഇത്തരംപിന്നേയുമുണ്ടുമറും
ആരണരല്ലൊകാൺവേദങ്ങൾക്കെല്ലാമി-
ന്നാധാരമായിട്ടുനിന്നതെന്നാൽ

ആരണരായോരെക്കൊന്നുനിന്നീടുമ്പോൾ
വേരോടെപോമല്ലൊവേദങ്ങളും
ആജ്യത്തെക്കൊണ്ടല്ലൊയജ്ഞത്തെചെയ്യുന്നി-
താജ്യത്തിൻകാരണംഗോക്കളെന്നാൽ

ഗോക്കളെയെല്ലാമേകൊന്നുനിന്നീടുമ്പോൾ
പോയ്പ്പെടുമോരോരോയജ്ഞങ്ങളും
ആരാനുമുണ്ടൊരുപസ്സിനെചെയ്യുന്ന
പാരാതെചെന്നുചെറുപ്പവെങ്കിൽ

ഇങ്ങിനെചെയ്യുമ്പോൾംവിഷ്ണുവെന്നുള്ളതും
മങ്ങിമയങ്ങിമറഞ്ഞുമാറും
വേഗങ്ങൾംപോയിവരണ്ടുപോമെന്നാമ്പോൾം
വേരോടുവേറായശാഖിപോലെദൃഢം.

ഇങ്ങിനെചെയ്യുമ്പോൾംമേലിലക്കാലമൊ
മംഗലമായിട്ടുവന്നുകൂടും
മാഗധൻമുമ്പായബന്ധുക്കൾംചൂഴ്ന്നു
മാന്യനായ്നിന്നുസുഖിക്കാംപിന്നെ.

ഇങ്ങിനെചൊന്നതുകേട്ടോരുകംസൻതാ-
നങ്ങിനെയെന്നതെളിഞ്ഞുചൊല്ലി
പൂതനമുൻപായദാനവയൂഥത്തെ
ഭൂതലമെങ്ങുംനടന്നനിങ്ങൾം

ബാലകന്മാരുടെഹിംസയെച്ചെയ്യുന്ന
ചാലനിഃയോഗിച്ചകത്തുപുക്കാൻ
സ്നാനംതുടങ്ങിയവേലയുമാചരി-
ച്ചൂണംകഴിഞ്ഞുതെളിഞ്ഞുപിന്നെ

വന്ദികൾംവാഴ്ത്തുന്നവാത്തയുംകേട്ടോരോ
സുന്ദരമായുള്ളഗീതങ്ങളും
നൃത്തകന്മാരുടെനൃത്തവുംകണ്ടുക-
ണ്ടുത്തമമായുള്ളമന്ദിരത്തിൽ

ബന്ധുക്കളായുള്ളമന്നോരുമായിട്ടു
സന്തുഷ്ടനായിവിളങ്ങിനിന്നാൻ.

ആജ്ഞയാ കോലഭൂപസ്യ പ്രാജ്ഞസ്യോദയവർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം കൃഷ്ണോല്പത്തിഃ സമീരിതാ.

പൂതനാമോക്ഷം.

നാകികൾനേരൊത്തഗോപന്മാക്കെല്ലാക്കും
നാഥനായ് നന്നായിനിന്നനന്ദൻ

സന്തതിയില്ലാഞ്ഞുസന്തതംവെന്തുവെ-
ന്തന്തിനായ് ചിന്തയുംപൂണ്ടകാലം

അത്ഭുതകാന്തികലന്നൊരുജായക്കു-
ഗർഭമുണ്ടായിട്ടുവന്നക്രൂടി

എന്നതുകണ്ടങ്ങുനിന്നൊരു നന്ദൻതാൻ
പ്രാശ്നികന്മാരോടു ചോദിച്ച നേരത്തു

പ്രാശ്നികന്മാരിലൊരുത്തൻച്ചൊന്നാൻ

ഇന്നിവൾതന്നുടെ ഗർഭത്തിൽനിന്നത-
ക്കന്യകയെന്നതോ നിർണ്ണയിപ്പൂ

അന്യനായുള്ളവൻ ചൊല്ലിനിന്നീടിനാൻ
കന്യകയെന്നവൻ ചൊന്നനേരം

തൈമ്പാതകാന്തികലൻനിന്നീടുന്നോ-
രാമ്പൈതലുണ്ടാമിപ്പോരറിലിപ്പോൾ

കാണുന്നനേരത്തു കന്യകയല്ലെന്നു-
മാണെന്നുമുള്ളതു നിർണ്ണയിപ്പൂ

ഇങ്ങിനെയല്ലായ്കിലെന്നുടെ ശാസ്ത്രംഞാൻ
എന്നുമേതീണ്ടുന്നോനല്ല മേലിൽ

വായ്പോരുകൊണ്ടവർ നേരിട്ടുനിന്നപ്പോൾ
വായ്പോട്ട ചൊല്ലിനാൻ നിന്നോരന്യൻ
ചൊവ്വല്ലവാക്കിതങ്ങാണ്ണിള്ളയായതൊ
പെണ്ണിള്ളയെന്നതും ചേരുമത്രെ
മാണ്ണാന്ന കാന്തിതാൻ കാമ്പായിനിന്നള്ളാ-
രാണ്ണെതലെന്നതും ചേരുമത്രേ

ഇങ്ങിനെയുള്ള സംഗതി ചേരായെ-
ന്നിങ്ങിനെ നണ്ണിഞാൻ മെയ്നമാണ്ടു
എന്നുടെ ചിന്തിതമാരുമെകാണ്ണൊല്ലാ-
യെന്നുണ്ടു ദൈവത്തിനെന്നതത്രെ
പ്രാശ്നികന്മാരായോരെങ്ങളിങ്ങെല്ലാരും
പ്രാകൃതരായിച്ചമഞ്ഞിതെന്നാൽ
വന്നതുകണ്ടിട്ടു നിണ്ണയിച്ചീടുനാ-
മെന്നതേയോച്ചയിൽ ചേച്ചയുള്ള

നന്ദനോടിങ്ങിനെ ചൊന്നവരെല്ലാരും
മന്ദിരം നോക്കിനടന്നാർപിന്നെ
നന്മയെ നൽകേണം ദൈവമേയെന്നങ്ങു
നന്ദനം പ്രാത്ഥിച്ചു നിന്നകാലം
മാസങ്ങളം വന്നതികഞ്ഞുതന്മാനിനി-
ക്കാസന്നമായ്വന്നസൂതികാലം

പാതിരാനേരത്തു പ്പാരാതെ പെറാള-
പ്പാഥോജലോചന്റെപൈതൽതന്നെ
സൂതികൊണ്ടുണ്ടായ മോഹത്തെപ്പുണ്ടവർ
കാതരയായിട്ടറങ്ങുന്നേരം

ചാലക്കിടന്നങ്ങുണർന്നോരു നേരത്തു
ചാരത്തു നോക്കിനാൻ മന്ദമപ്പോൾ

കോമളനായകുമാരനെക്കാണായീ
കാർമ്മുകിൽ കാമിക്കും കാന്തിയുമായ്

X ആരുണെന്നുനിർണ്ണയിച്ചാനന്ദം പൂണ്ടുനോ-
രേണവിലോചനമന്ദമപ്പോൾ

നന്ദനനല്ലോരു കാഴ്ചയായ് നൽകിനാൻ
നന്ദനനണ്ടായിതെന്നിങ്ങിനെ

ചിന്തയും പൂണ്ടോരുനാന്ദൻതാനെന്നപ്പോൾ
അന്തമില്ലാതൊരു സന്തോഷത്താൽ

ചേലകംനല്ലതു നൽകിനിന്നീടിനാൻ
ബാലകജന്മത്തെച്ചൊന്നോക്കെല്ലാം

പിന്നെയും പിന്നെയും ചൊല്ലിനിന്നീടുവിൻ
നന്ദനനെന്നുള്ള നാമമെന്നും

അഞ്ചാതെ ചെയ്തമ്മേ പിന്നേയും പിന്നേയു
മെൻചെവി രണ്ടും കുളുർക്കുമല്ലൊ

ഇങ്ങിനെ ചൊല്ലീട്ട പിന്നേയും ചെന്നോക്കു
മങ്ങാതെ ചേലകം നൽകിനിന്നാൻ

പാരാതെ ചെന്നങ്ങു പൈതലെക്കണ്ടിട്ടു
നീരാടിക്കൊണ്ടിങ്ങു വന്നപിന്നെ

അരുണർ ചൊല്ലാലേ ജാതകമ്മത്തേയു-
മാദരിച്ചീടിനാനാദരവിൽ

ദാനങ്ങൾകൊണ്ടവൻ വാനവർശാഖിക്കു
നാണത്തെപ്പൂകിച്ചാൻമാനസത്തിൽ

നന്ദനനല്ലൊരു നന്ദനനുണ്ടായി-
തെന്നൊരു വാർത്തപരന്നിതെങ്ങും
വേർപാകിനിന്നൊരു വേഴ്ചയെപ്പൂണ്ടുള്ള
ഗോപാലന്മാരെല്ലാം വന്നുചിന്നെ

ബാലകനുണ്ടായ മോദത്തെപ്പൂണ്ടിട്ട
ചാലെകളിച്ചുപുളച്ചുനിന്നാർ
ആചിമാരെല്ലാരും കാഴ്ചയുമായിട്ട
പാച്ചിൽതുടങ്ങിനാർ പാരമപ്പോഠം

ബാലകൻതന്നുടെ യാനനംതന്നേയും
ചാലൻകനുപുണർന്നുചിന്നെ
സന്തോഷംകൊണ്ടു തഴച്ചുനിന്നീടിനാർ
ബന്ധുക്കളായുള്ള ലോകരെല്ലാം .
ഗോഷ്ഠികൾകോലുന്ന ഗോപന്മാർചൂഴറവു
വാട്ടമകന്നുള്ള ഗോഷ്ഠംതന്നിൽ
വത്സലനായോരു വത്സനുണ്ടാകയാൽ
ഉത്സവംകൊണ്ടുനിറഞ്ഞുതെങ്ങും

അന്നുതുടങ്ങിവിളങ്ങുന്ന നന്ദന്റെ
സുന്ദരമായുള്ള മന്ദിരത്തിൽ

ചെന്നുതുടങ്ങിയച്ചെന്താരിൽമങ്കയും
ചെമ്മേവസിന്നനാളെന്നുഞായം

യതനങ്ങൾക്രൂടാതെ ഗേഹങ്ങളെല്ലാമെ
തനങ്ങൾകൊണ്ടുനിറഞ്ഞുക്രൂടി
ഗോക്കൾതൻതിണ്ണയെപ്പാക്കുന്നതാകിലൊ
വാക്കുകൊണ്ടേതും വദിച്ചുക്രൂടാ

കന്നുകിടാങ്ങളു മന്നുതുടങ്ങിയ-
മ്മന്ദിരംതന്നിൽ നിറഞ്ഞിഴിഞ്ഞു
മാന്യങ്ങളായിട്ടു മറവുള്ളതെല്ലാമേ
ധാന്യത്തിൻ പൂരവുമവണ്ണമെ

അങ്ങിനെയെല്ലാരും പൊങ്ങിനിന്നീടുമ-
മ്മംഗല്യമാണ്ടു വസിക്കുംകാലം

കല്പിച്ചനിന്നു കരത്തേയും നൽകീട്ടു
കുംസനായൊപ്പിച്ച പോരേണമെ
യാതരായ്മേവിനയാദവക്കെല്ലാക്കും
നാഥനായ് നിന്നോരു നന്ദനപ്പോഥം
പാരാതെനിന്നു കരത്തേയും നൽകീട്ടു
പോരുവാനിങ്ങു തുടങ്ങുന്നേരം

ആനകദുന്ദുഭി താനതറിഞ്ഞിട്ടു
മാനിച്ചുചൊന്നവൻ ചാരത്തപ്പോഥം
പ്രേമത്തെത്തുകുന്ന തുമൊഴികൊണ്ടവൻ
വാർമെത്തുമാറു പറഞ്ഞുനിന്നാൻ

നന്ദനംചൊല്ലിനാനെന്നതു കേട്ടവൻ
വന്നതുകണ്ടൊരു സന്തോഷത്താൽ :—
കാണേണമെന്നുഞാൻ കാമിച്ചനേരത്തു
കാണായി വന്നതോ ഭാഗ്യമല്ലൊ

പണ്ടുകഴിഞ്ഞുള്ള ദീനങ്ങളോക്കുമ്പോ-
ളിണ്ടലുണ്ടാകുന്ന പാരമുള്ളിൽ
എത്രയുമേറ്റം കൊതിച്ചുനിന്നെല്ലാരും
പുത്രനെക്കാണുന്ന ലോകരെല്ലാം

അങ്ങിനെയുണ്ടായ പുത്രരെയല്ലോയി-
മ്മംഗലം വേരററ പാപികംസൻ

പാരാതെ ചെന്നുപിറന്നങ്ങുവീഴുമ്പോഠം
പാറമേൽതല്ലിക്കഴിച്ചുകൊട്ടി.

നാളെയുമുണ്ടാമിപ്പൈതങ്ങളെന്നുള്ളോ-
രാശയുംകോലേണ്ടായെന്നുവന്ന

ഉണ്ടാകുന്നാകിലിക്കണ്ടോരുകംസനോ
പണ്ടേവനല്ലോതാനെന്നുകായ്യും

പിന്നെപ്പിറന്നോരു കന്യകയുണ്ടായി-
തെന്നാത്തമങ്ങിനെ പോയിതായി.

വന്നുവന്നീടുന്നതെല്ലാമെ കാൺമുനാ-
മെന്നിനുംഖേദിയായ്ക്കെന്നേയാവൂ.

എന്നതു കേട്ടള്ളോരാനകദുന്ദുഭി
പിന്നേയും ചൊന്നാനന്നന്ദനോടായ്

ശാശ്വതവാക്കുകളാശ്രയിച്ചീടുന്നോ-
രീശ്വരൻതന്നുടെ ലീലയെന്നേ

വന്നതു വന്നതു നിണ്ണയിച്ചിങ്ങിനെ
മന്നിടം ചേരുന്നിതിന്നിനുഞാൻ

രോഹിണീസൂനുവാമെന്നുടെ നന്ദനൻ
ദ്രോഹവും ക്രൂരാതെ മേവുന്നോനൊ

എന്നുടെ ജീവനംതന്നെനിൻകയ്യിലു
മെന്നതോ ചൊല്ലേണ്ടതില്ലയല്ലൊ

പുത്രരില്ലായ്കയാലത്തലെപ്പുണ്ടുനിൻ
പുത്രനുണ്ടായതു കേഠംക്കയാലെ.

സന്താപംവന്നുള്ളതെല്ലാമെപോയിട്ട
സന്തോഷം ചെയ്യുന്ന മാനസത്തിൽ
വമ്പേറുമമ്മിനാൽ നിന്നൈതൽതന്നെയി–
ന്നെൻപൈതലെന്നഞാനുന്നിക്കുന്ന

എന്നൈതലുണ്ടായ സന്തോഷമെല്ലാമി–
ന്നിന്നൈതൽമൂലമിന്നുണ്ടായല്ലൊ
അങ്ങിനെയാകയ നമ്മിലിന്നോക്കിലൊ
മംഗലമാകുന്നതല്ലോവേണ്ടു

മാതൃം: കാര്യമല്ലാമെ പൂരിച്ചുതായല്ലൊ
പാരാതെ പോകേണം ഗോകുലത്തിൽ

വമ്പോടുമെന്മേലെ തിണ്ണൊട്ടുന്നില്ലു–
ണ്ടമ്പാടിതന്നിൽ വരുന്നതിപ്പോൾ
എന്നതിനുന്നമേ ചെന്നങ്ങുകൊള്ളേണം
നന്ദനൻതന്നേയും സൂക്ഷിക്കേണം.

എന്നതുകേട്ടോരു നന്ദനുമന്നേരം
നന്ദനൻതന്നേയും നന്നി നന്നി
ഗോകുലം മുന്നിട്ടു പോകത്തുടങ്ങിനാൻ
ആകുലമായുള്ളോരുള്ളവുമായ് ;

ആനകദുന്ദുഭിതാനുമന്നേരത്തു
ദീനതതീർത്തുതെളിഞ്ഞു മേന്മേൽ
തോയജലോചനൻതന്നെയും ചിന്തിച്ചു
പോയങ്ങുപൂകിനാൻമന്ദിരത്തിൽ.
കംസന്റെ ചൊല്ലിനാൽ കൈതവം പൂണ്ടുള്ള
വാസവവൈരികം പാരിലെങ്ങും

ചാലപ്പോയ് ചെന്നോരോ ബാലകന്മാരേയും
കാലന നൽകി നടന്നകാലം
പൂതനായെന്നോരു ഭ്രഷ്ടസുരനാരിയ-
ബ്ഭ്രതലംതന്നിൽ നടന്നെങ്ങുമേ

സുന്ദരിയായൊരു നാരിയായ്പോയിട്ട
നന്ദഗൃഹത്തിലകത്തുപുക്കാൾ.
വാർകോലും കൊങ്കകളും രണ്ടിലുംചെഞ്ചമെ
കാകോളംതേച്ചു ചമച്ചുനേരെ പിശ.

ബാലകമന്ദിരം തന്നുടെചാരത്തു
ചാലപ്പോന്നങ്ങവൾ നോക്കുന്നേരം
ചൊല്ലെറും നിന്തള്ള ശില്പംകലന്നനി-
ന്നല്ലമായുള്ളോരു തല്പത്തിന്മേൽ

ചാലക്കിടന്നങ്ങുറങ്ങിനിന്നീടുന്ന
ബാലകൻതന്നേയും കാണായ്വന്നു

ദൂരത്തുനിന്നങ്ങു കണ്ടൊരുനേരത്തു
ചാരത്തുചെന്നുചതിച്ചുപുക്കാൾ

അണ്ഡജനായകൻ തന്നുടെചാരത്തു
കുണ്ഡലിതാഞ്ഞെന്ന പൂകണ്പോലെ

ഓമനത്തിങ്കൾമുഖംതന്നിലെനോക്കിക്കൊ-
ണ്ടോത്തുനീന്നീടിനാളൊട്ടുനേരം
ചീത്തൊരുകോപംകൊണ്ടന്തകൻ വാരാഞ്ഞു
പാത്തുനിന്നീടുന്നോളെന്നപോലെ

മെല്ലവെ ചെന്നങ്ങു തൊട്ടുനിന്നീടിനാൾ
പല്ലവംവെല്ലുമപ്പൂവൽമേനി

രത്നമെന്നിങ്ങിനെ തന്നിലെ നണ്ണിനി-
ന്നഗ്നിയെച്ചെന്നുതൊടുന്നപോലെ

പാരാതെ പിന്നെയെടുത്തുനിന്നീടിനാ-
ളാരോമൽപൂങ്കനിപ്പൈതൽതന്നെ

പാല്മെന്നിങ്ങിനെ നിണ്ണയംപൂണ്ടിട്ട
പാമ്പിനെച്ചെന്നങ്ങെടുക്കുംപോലെ

ഓമനപ്പൂമൈതന്നേനിയിൽക്കൊണ്ടപ്പോഴം
കോപംമയിർ തിണ്ണമെഴുന്നമെയ്യിൽ

ഉമ്പർകോൻനാട്ടിലപ്പൂതനാതന്നേക്കാഠം
മുമ്പിലെ പോവാനായെന്നപോലെ

നീണ്ടുള്ള ബാഹുക്കം കൊണ്ടവംപൂവൽമൈ
പൂണ്ടുനിന്നീടിനാളൊന്നുപിന്നെ

പല്ലവമാണ്ടോരു സല്ലകിയെന്നിട്ട
പാവകജ്വാലനല്ലാനപോലെ

കല്മഷമായുള്ളോരു നന്മുഖംതന്നിലെ
ചുംബിച്ചുമേവിനാളൊന്നുമെല്ലെ

അംഗനമാരിലന്നമുഖം കാണായോഠം
ഇങ്ങിനെതോന്നാതോരില്ലയാരും

നൂതനനായോരു പൈതലുമന്നേരം
പൂതനാതന്നേയും നോക്കിനിന്നാൻ

മസ്തകമേറിന കേസരിവീരൻതാൻ
മത്തേഭൻതന്നുടൽ നോക്കുമ്പോലെ

ആരാനുംപോന്നു വരുന്നതിൻമുന്നിലെ
കാര്യമായതു സാധിക്കേണം

എന്നങ്ങുനണ്ണിന പൂതനാതാനപ്പോഠം
നന്ദകുമാരകൻവായിൽനേരെ
ദുസ്തനംതന്നേയും നൽകിനിന്നീടിനാഠം
ദുഷ്ടത്തമാക്കിങ്ങിനെതോന്നിഞായം

കൈകളെക്കൊണ്ടു പിടിച്ചുനിന്നന്നേരം
കൈടഭസൂദനനായ ബാലൻ
വന്മുലതന്നെക്കുടിച്ചുനിന്നീടിനാ-
നംബതൻനന്മുലയെന്നപോലെ.

പാൽകൊണ്ടു ചെഞ്ചമ്മെ പൈകെട്ടുകുടാഞ്ഞി-
ട്ടാകുലനായിട്ടങ്ങെന്നപോലെ
കാറേറയുംക്രൂടെ കുടിച്ചുനിന്നീടിനാൻ
താറേറാലിച്ചുങ്ങവം നൽകുമപ്പോഠം

ഏററമെഴുന്നോരു പീഡയെക്കൊണ്ടവം
ചീററംതിരണ്ടുകരഞ്ഞുപിന്നെ
ഭൂതലംതന്നിൽപതിച്ചുനിന്നീടിനാഠം
ചേതനയോടുപിരിഞ്ഞുനേരെ.

ഭാരമിയന്നോരു ഭൈരവിതന്നുടൽ
ഘോരമായുന്നിങ്ങു വീഴുകയാൽ
ഉഴിയുമെങ്ങും കുലുങ്ങിതാനന്നേരം
ആഴിയും കിഞ്ചിൽ കലങ്ങീതായി.

ചാരത്തുനിന്നുള്ള ഭാരുക്കളെല്ലാമെ
പാരംഞെരിഞ്ഞു പതിച്ചുതെങ്ങും
ഗേഹത്തെപ്പുണ്ടുള്ള ഗോപികമാരെല്ലാം
ഗേപോലന്മാരോടും കൂടിച്ചെമ്മെ

ദൂരത്തുകൊണ്ടുപോയ് ചുട്ടകളഞ്ഞുടൻ
നേരത്തുവന്നരുകളിച്ചുപിന്നെ
നാരായണൻതന്റെ നാമങ്ങളം ചൊല്ലിക്കൊ-
ണ്ടോരോരോ ലീലയുമാചരിച്ചാർ.

ആജ്ഞയാ കോലത്രപസ്യ
പ്രാജ്ഞസ്യോദയവമ്മണഃ
കൃതായാം കൃഷ്ണഗാഥായാം
പൂതനാമോക്ഷമീരിതം

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

CT Library
00004212
T61 C424